കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊട്ടാരക്കര നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2015 -16

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail : doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.എം.എൽ-31/17

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം
തീയതി, 08/02/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

നഗരസഭാ ചെയർ പേഴ്സൺ ( സെക്രട്ടറി മുഖേന)

കൊട്ടാരക്കര നഗരസഭ

സർ,

വിഷയം : കൊട്ടാരക്കര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുൻസിപ്പാലിറ്റി ആക്ട് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ 3-1,3-2,3-3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭഎടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).,കേരളാ മുൻസിപ്പാലിറ്റി ആക്ട് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15 )

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുൻസിപ്പാലിറ്റി ആക്ട് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) .കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)ഡയറക്ടർ, നഗരകാര്യ വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്,കൊല്ലം
4)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം

5)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.എം.എൽ-31/17 തിയ്യതി, 08/02/2017

കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയുടെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 16-9-15 മുതൽ 5-1-2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.മിനി.എ.എസ്.<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-01-2017 മുതൽ 13-01-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജി.സജികുമാർ, | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ജഗദീഷ്.എസ് | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.പത്മകുമാരി.എൽ | അസി.ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി .ഷീജ.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി .അമ്പിളി.ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി .ശ്രീലക്ഷ്മി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1. | ശ്രീ.ജേക്കബ് വർഗ്ഗീസ്. | 1-4-15മുതൽ31-10-15വരെ (പഞ്ചായത്ത്) |
| | | ഭരണ നിർവ്വഹണ സമിതി | 01-11-2015 മുതൽ17-11-2015 വരെ |
| ചെയർ പേഴ്സൺ | 2. | ശ്രീമതി.ഗീതാസുധാകരൻ | 18-11-15മുതൽ31-3-16വരെ |
| സെക്രട്ടറി | | ശ്രീ.പി.ഗോപാലകൃഷ്ണപിള്ള | 01-04-2015 മുതൽ31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.മെഡിക്കൽ ഓഫീസർ, ഹോമിയോ. | ഡോ.ഉണ്ണിക്കൃഷ്ണൻ.എസ്<br>ഡോ.ബ്രിജില.എസ് | 1.4.15 മുതൽ 23.6.15 FN വരെ<br>23.6.15 AN മുതൽ 31.3.16 വരെ |
| 2.വെറ്ററിനറി സർജൻ | ഡോ.അനിൽകുമാർ.വി.ഡി. | 1.4.15 മുതൽ 31.3.16 വരെ |
| 3.അസി.എഞ്ചിനീയർ | ശ്രീമതി.സൗമ്യ.ററി.<br>ശ്രീ.എൻ.വിജയൻ പിള്ള. | 1.4.15 മുതൽ 22.5.15 വരെ<br>23-5-15 മുതൽ 31-3-16 വരെ |

| | | |
|---|---|---|
| | | |
| 4.ഹെഡ്മാസ്റ്റർ | ശ്രീ.പി.കുട്ടപ്പൻപിള്ള | 1.4.15 മുതൽ 31.3.16 വരെ |
| 5.കൃഷി ഓഫീസർ, | ശ്രീമതി.ലിജിജോൺ | 1.4.15 മുതൽ 31.3.16 വരെ |
| 6.മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.അബ്ദുൾ ഫത്തഹ്.എസ്. | 1.4.15 മുതൽ 31.3.16 വരെ |
| 7.ഐസിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഗിരിജാ ഭായി.എ | 1.4.15 മുതൽ 31.3.16 വരെ |
| 8.മെഡിക്കൽ ഓഫീസർ, CHC. | ഡോ.ബിജി.എസ്.<br>ഡോ.ജ്യോതിലാൽ. | 1.4.15മുതൽ 16-12-15 വരെ<br>16-12-15 AN മുതൽ 31-3-16 FN വരെ |
| 9.അസി.സെക്രട്ടറി | ശ്രീ. രാജ്കുമാർ | 1.4.15 മുതൽ 31.3.16 വരെ |
| 10 വി.ഇ.ഒ . | സജിമോഹൻ ദാസ്.എ.കെ<br>അനിതാകുമാരി.എം.സി.<br>ബിന്ദു. | (കാലയളവ് ലഭ്യമാക്കിയിട്ടില്ല) |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | അനധികൃത കെട്ടിടം റഗുലറൈസ് ചെയ്യാതെ നമ്പർ ഇട്ടു നികുതി ഈടാക്കി | 2-1 |
| 13 | കെട്ടിടനിർമ്മാണ പെർമിറ്റ് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 2-2 |
| 14 | കെട്ടിടനികുതി ആവശ്യമായ രേഖകൾ വാങ്ങാതെ നികുതി നിർണ്ണയിച്ചു | 2-3 |
| 15 | കെട്ടിടം പുതുക്കി പണിഞ്ഞപ്പോൾ പഴയ വിസ്തീർണ്ണം കൂടി കണക്കാക്കാതെ നികുതി നിരക്ക് കുറച്ചു | 2-4 |
| 16 | കെട്ടിടം പുതുക്കി പണിഞ്ഞപ്പോൾ നികുതി കുറച്ച് ഈടാക്കി | 2-5 |
| 17 | പുതുക്കിയ കെട്ടിടത്തിന് പഴയതിന്റെ കാലപഴക്കം നൽകി നികുതി ഈടാക്കി | 2-6 |
| 18 | വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി നികുതി കുറച്ച് നൽകി | 2-7 |
| 19 | വിസ്തീർണ്ണം മുഴുവൻ കണക്കാക്കാതെ നികുതി നിർണയിച്ചു | 2-8 |
| 20 | തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം | 2-9 |
| 21 | തൊഴിൽ നികുതി സ്ഥാപന നികുതി രജിസ്റ്റർ പരിപാലിക്കുന്നില്ല | 2-10 |

| | | |
|---|---|---|
| 22 | വിമുക്ത ഭടൻമാരെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. | 2-11 |
| 23 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 2-12 |
| 24 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-13 |
| 25 | ഓാഡിറ്റോറിയങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്യുന്നില്ല. | 2-14 |
| 26 | വിനോദ നികുതി പരിശോധനയിൽ കാണപ്പെട്ട അപാകതകൾ | 2-15 |
| 27 | ഹോസ്പിറ്റൽ രജിസ്ട്രേഷൻ | 2-16 |
| 28 | ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ നടത്തിയിട്ടില്ല | 2-17 |
| 29 | ഡി & ഒ ലൈസൻസ്,പരസ്യ നികുതി എന്നിവയുടെ ബൈലോ സംബന്ധിച്ച് | 2-18 |
| | ഭാഗം 3 | |
| 30 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ – നിർവ്വഹണത്തിലെ ക്രമക്കേടുകൾമൂലം 342300/-രൂപ നിരാകരിക്കുന്നു. | 3-1 |
| 31 | എൽ ഇ ഡി സ്ട്രീറ്റ് സ്ഥാപിക്കൽ (13 /16) – 386508/-രൂപ നഷ്ടം | 3-2 |
| 32 | ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തിയിട്ടുള്ള ടാറിംഗ് ആവശ്യമായ മരാമത്ത് പ്രവൃത്തികളിൽ ബിറ്റുമിന് അധിക വില നല്കി 294760/-രൂപ നിരാകരിക്കുന്ന | 3-3 |
| 33 | കുടിവെള്ളക്കിണർ നിർമ്മാണം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് നല്കിയിരിക്കുന്ന 85000/-രൂപ നിരാകരിക്കുന്ന | 3-4 |
| 34 | മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റിനെ അധികരിച്ച് തുക നല്കി | 3-5 |
| 35 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ട് പരിശോധന,887092/-രൂപയുടെ സാമ്പത്തിക ക്രമക്കേട് | 3-6 |
| 36 | അസി.എഞ്ചിനീയറുടെ അക്കൌണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു. | 3-7 |
| 37 | മരാമത്ത് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു, 158624/-രൂപയുടെ നഷ്ടം | 3-8 |
| 38 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്തു | 3-9 |
| 39 | ഉപയോഗിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നു | 3-10 |
| 40 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നഗരസഭ ഒടുക്കുന്നു | 3-11 |
| 41 | തൊഴിൽ രഹിത വേതനം തുക അധികം നല്കിയത് | 3-12 |
| 42 | രേഖകൾ ലഭ്യമാക്കിയില്ല തടസ്സപ്പെടുത്തുന്ന തുക 207055/- രൂപ | 3-13 |
| 43 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 2583664/- രൂപ | 3-14 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 44 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 3-15 |
| 45 | ലൈബ്രറി സെസ് അടവാക്കിയിട്ടില്ല | 3-16 |
| 46 | തനതു ഫണ്ടിന്റെ ലഭ്യത കണക്കാക്കാതെ പ്രോജക്ടുകൾക്ക് അംഗീകാരം നല്കി | 3-17 |
| 47 | ഗുണഭോക്തൃ സമിതികൾ വഴി നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു വരുന്നില്ല. | 3-18 |
| 48 | ആശ്രയ പദ്ധതി ഉദ്ദേശ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല. | 3-19 |
| 49 | ഉത്പാദന മേഖലയിൽ രൂപീകരിച്ച പദ്ധതികൾ നടപ്പാക്കിയില്ല. | 3-20 |
| 50 | നഗരസഭാ രൂപീകരണവും തസ്തിക പുനർ വിന്യാസവും | 3-21 |
| 51 | തൊഴിലുറപ്പ് പദ്ധതി | 3-22 |
| 52 | ടി.വി. ഫ്രിഡ്ജ് വാങ്ങൽ - നടപടിക്രമങ്ങൾ - സുതാര്യമല്ല. | 3-23 |
| 53 | സാന്ത്വന പരിചരണം-പദ്ധതി രേഖകൾ ഹാജരാക്കിയില്ല- 496500/-തടസ്സപ്പെടുത്തുന്നു. | |
| | ഭാഗം 4 | |
| 54 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 55 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 56 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 57 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 58 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 59 | ഓഡിറ്റ് റിക്കവറി | 4-6 |
| 60 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 63 | അനുബന്ധം<br>ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 13.2.2015 തീയതിയിലെ പ്രത്യേക കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 12.01.2017 | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1.മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിലെ വരവ് തുക ACR പ്രകാരം 9092767/- രൂപയാണ്. എന്നാൽ AFS ൽ (RP 31) 4139870 /-രൂപയാണ് വരവായി കാണിച്ചിട്ടുള്ളത്.വ്യത്യാസം 4952897/-രൂപ വരവിൽ കുറവുണ്ട്.

2.മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വരവ് തുക ACR പ്രകാരം 2606260/- ആണ്.AFS പ്രകാരം വരവ് 2534510/- രൂപയാണ്. വ്യത്യാസം 71750/-.

3.വിവിധ നികുതി -നികുതിയേതര വരവുകളുടെ ഡി.സി.ബിയിലെ വ്യത്യാസം.

| ഇനം | AFS പ്രകാരമുള്ള ഡിമാന്റ് | AFS പ്രകാരമുള്ള കളക്ഷൻ തുക | രജിസ്റ്റർ പ്രകാരമുള്ള തുക | വ്യത്യാസം | റിമാർക്ക്സ്. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| Rent from building | 1888362 | 1777362 | 1888362 | 110000/- | രജിസ്റ്റർ പ്രകാരം ബാലൻസ് ഇല്ല.Balance sheet ൽ 110000/-രൂപ കുടിശ്ശികയായി കാണിച്ചിരിക്കുന്നു |
| Rent on lease on land | 42630 | 39970 | 42630 | 2390 | ബാലൻസ്ഷീറ്റിൽ കുടിശ്ശിക |
| D &O licence | 699851 | 695851 | 699851 | 4000 | " |

4.മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

5.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.
6. ബി- ഫണ്ട് തൊഴിൽ രഹിത വേതനം രജിസ്റ്റർ പ്രകാരം ചെലവഴിച്ച തുക 4036808/- രൂപയാണ്. തിരിച്ചടവ് തുക കുറവ് ചെയ്യാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ 416880/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ മറ്റ് ബി-ഫണ്ട് തുകകൾ I-6-I14 (d) ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22246393 |
| വരവ് | 64077037 |
| ആകെ | 86323430 |
| ചെലവ് | 81133537 |
| നീക്കിയിരിപ്പ് | 5189893 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2613078 | 8652096 | 11603252 | 11603252 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 2741207 | 6486950 | 9228157 | 9228157 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 81000 | 81000 | 81000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 423898 | 9092767 | 9516665 | 9516665 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 506970 | 2606260 | 3113230 | 3113230 | 0 | 100 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1312169 | 4502377 | 5814546 | 5814546 | 0 | 100 |
| കെഎൽജിഎസ് ഡി | 3215000 | 325111 | 3540111 | 3540111 | 0 | 100 |
| എം എൻ ആർ ഇ ജി എസ് | 297844 | 15444186 | 15692030 | 15444870 | 247160 | 98.42 |
| ബി ഫണ്ട് | 0 | 28063920 | 28063920 | 28063920 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 296 | 104122773 | 159 | 54283420 | 59 | 78 | 54 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

1-7തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം 7% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 13904132 | 16323354 | (+)2419222 | |
| നികുതിയേതര വരവുകൾ | 5749664 | 4688173 | (-)1061491 | |
| മറ്റുവരവുകൾ | 8261754 | 8889755 | (+)628001 | |
| ആകെ | 27915550 | 29901282 | 1985732 | 7% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 403680 | 232 |
| കർഷകതൊഴിലാളി പെൻഷൻ | 1457100 | 184 |
| വിധവാപെൻഷൻ | 12058080 | 1235 |
| വാർദ്ധക്യകാലപെൻഷൻ | 10466720 | 1233 |
| വികലാംഗപെൻഷൻ | 3286400 | 298 |
| അവിവാഹിത പെൻഷൻ | 336480 | 33 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.1.2017 തീയതിയിൽ 3.35 pm ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11525/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

30-11-2015 വരെ ഗ്രാമ പഞ്ചായത്തായിരുന്നു. 30-04-2015 ലെ 1062 ആയുള്ള ഉത്തരവു പ്രകാരം നഗരസഭ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. സ. ഉ. (കൈ) 333/2015 ത സ്വ ഭ വ പ്രകാരം ഗ്രാമപ്പഞ്ചായത്തിനെ നഗരസഭയാക്കികൊണ്ടും ജീവനക്കാരെ താത്കാലികമാക്കി നിലനിർത്തിക്കൊണ്ടും ഉത്തരവായി.

നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചുവരുന്നില്ല. തനത് ഫണ്ടുകളുടെ ലഭ്യത ഉറപ്പുവരുത്താതെ പ്രോജക്ടുകൾ തയ്യാറാക്കിയതുമൂലം പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾക്ക് വൻതുക നല്കുവാൻ അവശേഷിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.12.14 | 4/14- 9/14 | P.A.4-506/15(1) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-1-15 | 2011-12 | IV/8B.1034 /14-15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത കെട്ടിടം റഗുലറൈസ് ചെയ്യാതെ നമ്പർ ഇട്ടു നികുതി ഈടാക്കി

സലിംകുമാർ കെ.ബി. ,ബീനാകുമാരി പ്ലാവിള പുത്തൻ വീട്, ഇടയ്ക്കിടം എന്നയാളുടെ കെട്ടിടനിർമ്മാണത്തിനായി 18-01-2011തീയതിയിലെ 334/10-11നമ്പർ ആയി പെർമിറ്റ് നൽകിയിരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രൌണ്ട് ഫ്ലോർ 340.48m2

ഒന്നാം നില-340.48m2

രണ്ടാം നില-321.77m2

മൂന്നാം നില -300.42m2

ടി പെർമിറ്റിന്റെ കാലാവധി അവസാനിച്ചതിനാൽ 29-10-13 തീയതിയിലെ അപേക്ഷ പ്രകാരം പെർമിറ്റ് 16-01-2017 തീയതി വരെ നീട്ടികൊടുത്തു. എന്നാൽ പണി പൂർത്തിയാക്കി സമർപ്പിച്ച പ്ലാൻ പ്രകാരം നാലു നിലകളും 340.48m2 വീതം ആണ്. ആയത് റഗുലറൈസ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നമ്പർ 9/11.01.17)ആയത് ലഭ്യമാക്കിയില്ല. പെർമിറ്റിൽ അധികരിച്ച് കെട്ടിയ കെട്ടിടം റഗുലറൈസ് ചെയ്യാതെ നമ്പർ ഇട്ട് നികുതി കണക്കാക്കിയ നടപടി അംഗീകരിക്കാവുന്നതല്ല.

## 2-2 കെട്ടിടനിർമ്മാണ പെർമിറ്റ് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

കൊട്ടാരക്കര വില്ലേജിലെ റീ സർവേ നമ്പർ 272/9-1-1,272/9-2-1,272/8-1 എന്നീ സ്ഥലങ്ങളിൽ കൊമേഴ്സ്യൽ കെട്ടിടനിർമ്മാണത്തിനായി സജുബേബി , സിന്ധു സജി എന്നിവർ അപേക്ഷ സമർപ്പിച്ചുവെങ്കിലും റവന്യു രേഖകൾ പ്രകാരം ഈ സ്ഥലം നിലം ആണ് എന്നതിനാൽ ടി അപേക്ഷ നിരസിച്ചു. തുടർന്ന് ഹൈക്കോടതിയിൽ കേസ് നൽകി. ഹൈക്കോടതിയുടെ WPC NO. 1502/2015 നമ്പർ വിധി പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ ക്ക് തുടർ നടപടി സ്വീകരിക്കാൻ നൽകിയെങ്കിലും തദ്ദേശസ്വയം ഭരണവകുപ്പ് ആണെന്ന് പറഞ്ഞ് നിരസിച്ചു. തുടർന്ന് വീണ്ടും അപേക്ഷ നൽകിയപ്പോൾ 15-09-2015 തീയതിയിലെ E2 9/2012 നമ്പർ നടപടിക്രമപ്രകാരം ( 15-09-2015 തീയതിയിലെ IIIനമ്പർ കമ്മറ്റി തീരുമാനം) കെട്ടിടനിർമ്മാണത്തിന് അനുമതി നൽകി ഉത്തരവായി (പെർമിറ്റ് നമ്പർ 160/2015-16/01-10-2015). പ്രസ്തുത ഉത്തരവിൽ ടി കക്ഷികളുടെ വാദം കേട്ടും സ്ഥലപരിശോധന നടത്തിയും ആണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ ആയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം 300m2 മുകളിൽ ആയതിനാൽ ജില്ലാ ടൌൺപ്ലാനറുടെ അനുമതി വാങ്ങേണ്ടതാണ്.അത് വാങ്ങിയിട്ടില്ല.ടി കെട്ടിടത്തിന്റെ ഗണം അനുസരിച്ച് ടി കെട്ടിടത്തിന്റെ പിൻഭാഗത്തിന് കുറഞ്ഞത് 2m,ശരാശരി4.5m, വശങ്ങൾ 1.5mവീതവും വേണ്ടതാണ്. എന്നാൽ പ്ലാനിൽ ആയത് കുറച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത് .ആയത് അംഗീകരിക്കാനാവില്ല. ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിടനികുതി ആവശ്യമായ രേഖകൾ വാങ്ങാതെ നികുതി നിർണ്ണയിച്ചു

താഴെ പറയുന്ന വ്യക്തികളുടെ കെട്ടിടം രണ്ടു നിലയിൽ കൂടുതൽ ആയതിനാൽ ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റ് എൻ.ഓ.സി. ലഭ്യമാക്കേണ്ടതാണ്. എന്നാൽ ആയത് ലഭ്യമാക്കാതെ ആണ് നമ്പർ ഇട്ട് നികുതി അസസ്സ് ചെയ്ത് നൽകിയിരിക്കുന്നത്.

ശ്രീ. ഗോപിനാഥൻ പിള്ള, കിടാരക്കുഴി മേലതിൽ വീട്

ശ്രീ. സതീഷ് കുമാർ ശാന്തി ഭവൻ ,കോട്ടപ്പുറം

ശ്രീ. സന്തോഷ് കുമാർ ,മംഗലത്തു പുത്തൻ വീട്

ശ്രീ. ജോൺ വർഗ്ഗീസ് മുണ്ടയ്ക്കലഴികത്ത്

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/13.01.17) മറുപടി ലഭ്യമാക്കിയില്ല. ടിയാളുകൾക്ക് നൽകിയപെർമിറ്റിലും ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റ് എൻ.ഓ.സി. ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടിട്ടില്ല. ക്രമവിരുദ്ധമായി നമ്പർ ഇട്ട് നൽകിയത് അംഗീകരിക്കുന്നില്ല. ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റ് എൻ.ഓ.സി. ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിടം പുതുക്കി പണിതപ്പോൾ പഴയ വിസ്തീർണ്ണം കൂടി കണക്കാക്കാതെ നികുതി നിരക്ക് കുറച്ചു

സലിംകുമാർ കെ.ബി. ,ബീനാകുമാരി പ്ലാവിള പുത്തൻ വീട്, ഇടയ്ക്കിടം എന്നയാളുടെ കെട്ടിടനിർമ്മാണത്തിനായി 18-01-2011തീയതിയിലെ 334/10-11നമ്പർ ആയി പെർമിറ്റ് നൽകിയിരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രൌണ്ട് ഫ്ലോർ 340.48m2

ഒന്നാം നില-340.48m2

രണ്ടാം നില-321.77m2

മൂന്നാം നില -300.42m2

ടി കെട്ടിടത്തിന്റെ കുറച്ച് ഭാഗങ്ങൾ 2012-13 വർഷം പൂർത്തിയാക്കി ഓക്കുപൻസി നൽകി നമ്പർ ഇട്ട് നികുതി കണക്കാക്കി ഈടാക്കി വരുന്നു. എന്നാൽ ടി കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി നമ്പറിംഗിനായും നികുതി ഈടാക്കാനായും വന്നപ്പോൾ ആയതുകൂടി ഉൾപ്പെടുത്തി കണക്കാക്കാതെ പുതിയ കെട്ടിടത്തിന്റെ വിസ്തീർണ്ണം മാത്രം കണക്കാക്കി നികുതി കുറച്ച് ഈടാക്കി . 340.48m2 വീതം നാലു നിലകൾ ഉള്ള കെട്ടിടം ഓരോനിലയ്ക്കും പ്രത്യേകനമ്പർ ഇട്ട് നികുതി ഈടാക്കിയപ്പോൾ ടി കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള 200m2 ന് മുകളിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ പരിധിയിൽ ഉൾപ്പെടുത്തി 70/- രൂപ നിരക്കിൽ ഈടാക്കാതെ 100m2 വരെയുള്ള ഷോപ്പുകൾ എന്ന് കണക്കാക്കി അൻപത് രൂപ നിരക്കിൽ നികുതി ഈടാക്കി. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/11.01.17) മറുപടി നൽകിയില്ല. നികുതി

ഈടാക്കിയതിൽ വന്ന വ്യത്യാസം ചുവടെ ചേർക്കുന്നു.

| നില | വിസ്തീർണ്ണം | നിരക്ക് (രൂപ) | ഈടാക്കേണ്ടത് (രൂപ) | ഈടാക്കിയത് (രൂപ) | വ്യത്യാസം (രൂപ) |
|---|---|---|---|---|---|
| താഴത്തെ നില | 340.48 | 70 | 23833 | 10817+6408 | 6608 |
| ഒന്നാം നില | 340.48 | 70 | 23833 | 9239+7136 | 7458 |
| രണ്ടാം നില | 340.48 | 70 | 23833 | 18387 | 5446 |
| മൂന്നാം നില | 340.48 | 70 | 23833 | 17365 | 6468 |
| | | | | | 25980 |

ആയത് തിരികെ ഈടാക്കി നികുതി കൃത്യമായി കണക്കാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 കെട്ടിടം പുതുക്കി പണിതപ്പോൾ നികുതി കുറച്ച് ഈടാക്കി

സിയാദ് ബദറുദ്ദീൻ, സജ്നാ ജലീൽ എന്നിവരുടെ കെട്ടിടം (കെട്ടിടനമ്പർ I 322 (പഴയത്), II228 (പുതിയത് )) പുതുക്കി പണിഞ്ഞ് വികസിപ്പിച്ചതിന്റെ നികുതി അസ്സസ്സ് ചെയ്തപ്പോൾ ആകെ 210.36m2 വിസ്തീർണ്ണത്തിന് ആറു രൂപ നിരക്കിൽ ഇളവുകൾ കഴിച്ച് 1136/-രൂപ നികുതി ഈടാക്കാതെ 570/-രൂപ ഈടാക്കി.
മലങ്കര മാർത്തോമ ചർച്ച് ,കെട്ടിടനമ്പർ V857 പഴയത്VI 294(പുതിയത് ) എന്നത് പുതുക്കി പണിഞ്ഞ് വികസിപ്പിച്ച് നികുതി ഈടാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

താഴത്തെ നില ---353.97m2

ഒന്നാം നില ---367.65m2

ആകെ 721.62m2

നിരക്ക് - 6/-രൂപ

ഇളവുകൾ

മേഖല---10%

വർദ്ധനവ്

വഴി സൌകര്യം-20%

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ-15%

ആകെ നികുതി 4330-433+1516=5413/-രൂപ

ഈടാക്കിയത് -4474/-രൂപ

939/- രൂപ നികുതി കുറച്ച് ഈടാക്കി

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 9/11.01.17) മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 പുതുക്കിയ കെട്ടിടത്തിന് പഴയതിന്റെ കാലപഴക്കം നൽകി നികുതി ഈടാക്കി

പുതുക്കിയ കെട്ടിടത്തിന് പഴയതിന്റെ കാലപഴക്കം നൽകി നികുതി ഈടാക്കി. കെ.വൈ.ജോർജ്ജുകുട്ടി ,കല്ലൂർ ബ്ലസ്സി ഭവൻ തൃക്കണ്ണമംഗൽ എന്നയാളിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ റൂഫ് ചെയ്ഞ്ച്ചെയ്ത് കോൺക്രീറ്റ് ആക്കി മാറ്റുകയും (41.29m2)താഴത്തെ നില 74.30m2, ഒന്നാം നില 54.02m2 എന്നിങ്ങനെ വികസിപ്പിക്കുകയും ചെയ്തതിനെ തുടർന്ന് നികുതി പുനർ നിർണ്ണയിച്ചപ്പോൾ ആകെ വിസ്തീർണ്ണം പഴയ കെട്ടിടത്തിന്റെ വിസ്തീർണ്ണവും പുതിയതും ഉൾപ്പെടുത്തിയെങ്കിലും പഴയ കെട്ടിടത്തിന്റെ കാലപ്പഴക്കം കണക്കാക്കി കാലപഴക്കത്തിന്റെ ഇളവ് നൽകി നികുതി കുറച്ച് ഈടാക്കിയിരിക്കുന്നു ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് (നമ്പർ 9/11.01.17) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി താഴെ പറയുന്ന രീതിയിൽ കണക്കാക്കാവുന്നതാണ്.

ആകെ നികുതി 169.6x6=1017.6=1018/-രൂപ

ഇളവുകൾ

മേഖലകളുടെ അടിസ്ഥാനത്തിൽ 10%--102/-രൂപ

ആകെ 1018-102=916/-രൂപ

ഈടാക്കിയത് നികുതി 815/-രൂപ

വ്യത്യാസം 101/-രൂപ

നികുതി പുനർനിർണ്ണയിച്ച് ആയതിനനുസരിച്ച് ലൈബ്രറി സെസ്സിനും വ്യത്യാസം വരുത്തി തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

## 2-7 വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി നികുതി കുറച്ച് നൽകി

വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി നികുതി കുറച്ച് നൽകി

ഷാജു, ബീജാഷാജു ഷക്കീലാ മൻസിൽ എന്നയാളുടെ നിലവിലുള്ള കെട്ടിടത്തിന്റെ താഴത്തെ നില (കെട്ടിട നമ്പർ I/333(പഴയത്) II/206(പുതിയത്)) 113.09m2 ആണ്. ആയത് വികസിപ്പിച്ച് ഒന്നാം നില 3.41m2 വർദ്ധിച്ച് 106.46m2 ആയി. ആകെ വിസ്തീർണ്ണം 222.96m2 ആണ്. ആയത് സംബന്ധിച്ച് അപേക്ഷയിൽ ടി കെട്ടിടത്തിന്റെ പഴക്കം പത്തു വർഷത്തിൽ താഴെ എന്നു രേഖപ്പെടുത്തിയിരിക്കെ ഡേറ്റാ എൻട്രി നടത്തിയപ്പോൾ ആകെ കെട്ടിടവിസ്തീർണ്ണം മുഴുവൻ എടുത്തിട്ട് ആയതിന്റെ പഴക്കം പതിനഞ്ച് വർഷം ആയി എന്നു രേഖപ്പെടുത്തി നികുതി കുറച്ച് നൽകിയിരിക്കുന്നതിനാൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിരിക്കുന്നു.

ആകെ നികുതി 222.96 x6=1338/-രൂപ

ഇളവുകൾ

മേഖലകളുടെ അടിസ്ഥാനത്തിൽ 10%--134/-രൂപ

ആകെ 1338-134=1204/-രൂപ

ഈടാക്കിയത് നികുതി 671/-രൂപ

വ്യത്യാസം 533/-രൂപ

നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-8 വിസ്തീർണ്ണം മുഴുവൻ കണക്കാക്കാതെ നികുതി നിർണയിച്ചു

കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുമ്പോൾ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ 2F, 3(4) എന്നിവ പ്രകാരം തറ വിസ്തീർണ്ണം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത്, ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന വസ്തു നികുതി നിർണ്ണയത്തിൽ ഇപ്രകാരം ആനുപാതികമായി നിർണ്ണയിച്ചിട്ടില്ല.

1. ജോൺ വർഗ്ഗീസ്, ലില്ലി വർഗ്ഗീസ് മുണ്ടയ്ക്കലഴികത്ത്

കരിക്കകം പെർമിറ്റ് ,കംപ്ലീഷൻ എന്നിവ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെ പറയും പ്രകാരമാണ്.

സെല്ലാർ 332.02m2

താഴത്തെ നില 308.22m2

ഒന്നാം നില 308.22m2

രണ്ടാം നില 60.93m2

എന്നാൽ കെട്ടിടനികുതി ഈടാക്കിയിരിക്കുന്നത് (കെട്ടിടനമ്പർ 832-A മുതൽ 832-Mവരെ )താഴെ പറയും പ്രകാരമാണ്.

സെല്ലാർ 48.322m2

താഴത്തെ നില 308.22m2

ഒന്നാം നില 308.22m2

രണ്ടാം നില ഇല്ല.

സെല്ലാർ എരിയായിലെ ബാക്കി 283.698

രണ്ടാം നില 60.93m2

എന്നീ വിസ്തീർണ്ണങ്ങൾ കൂടി ആനുപാതികമായി കൂട്ടി നികുതി പുനർനിർണ്ണയിച്ചു ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2.സന്തോഷ് കുമാർ ,മംഗലത്തു പുത്തൻ വീട്, വെണ്ടാർ എന്നയാളുടെ പേരിൽ ഉള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ കെട്ടിടനമ്പർ (469A മുതൽ 469Zവരെ ) ഇട്ട് നികുതി കണക്കാക്കിയപ്പോൾ സെല്ലാർ എരിയായിലെ 294.34m2 ഒഴിവാക്കി ആണ്

ചെയ്തിരിക്കുന്നത്.ആയത് കൂടി ആനുപാതികമായി പരിഗണിച്ച് നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3.XVII വാർഡിലെ ബിബിൻ ജോണി,&മീര, തടവിള പുത്തൻ പുരയിൽ കുണ്ടറ (കെട്ടിടനമ്പർ 411A,411B,4411C) എന്നിവരുടെ കെട്ടിട നികുതി നിർണ്ണയിച്ചപ്പോൾ സ്റ്റെയർ കെയ്സ് എരിയ ആയ 21.66m2 ആനുപാതികമായി പരിഗണിക്കാതെ ആയത് പൂർണ്ണമായും ഒഴിവാക്കി. ആയതു കൂടി ആനുപാതികമായി കൂട്ടി നികുതി പുനർനിർണ്ണയിച്ച ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4 ഗോപിനാഥൻ പിള്ള ,കിടാരക്കുഴി മേലതിൽ (കെട്ടിടനമ്പർ 472A- 472 B) സ്റ്റെയർ കെയ്സ് എരിയ ആയ 17.6m2 ആനുപാതികമായി പരിഗണിക്കാതെ ആയത് പൂർണ്ണമായും ഒഴിവാക്കി. ആയതു കൂടി ആനുപാതികമായി കൂട്ടി നികുതി പുനർനിർണ്ണയിച്ച ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

5സതീഷ് കുമാർ, ശാന്തി ഭവൻ കോട്ടപ്പുറം (കെട്ടിടനമ്പർ 993Aമുതൽ -993Dവരെ) സ്റ്റെയർ കെയ്സ് എരിയ ആയ 17.6m2 ആനുപാതികമായി പരിഗണിക്കാതെ ആയത് പൂർണ്ണമായും ഒഴിവാക്കി. ആയതു കൂടി ആനുപാതികമായി കൂട്ടി നികുതി പുനർനിർണ്ണയിച്ച ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

6രാജു കോശി വർഗ്ഗീസ്, (കെട്ടിടനമ്പർ 265-A മുതൽ 265Bവരെ )സ്റ്റെയർ കെയ്സ് എരിയ ആയ 16.45m2 ആനുപാതികമായി പരിഗണിക്കാതെ ആയത് പൂർണ്ണമായും ഒഴിവാക്കി. ആയതു കൂടി ആനുപാതികമായി കൂട്ടി നികുതി പുനർനിർണ്ണയിച്ച ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-9 തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം

2015/16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേരുംമേൽ വിലാസവും | നികുതി ഈടാക്കേണ്ട അർദ്ധവർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1. | എസ്.സരസ്വതി അമ്മ<br>പി.റ്റി.എസ്<br>കൊട്ടാരക്കര തമ്പുരാൻ മെമ്മോറിയൽ കലാ മ്യൂസിയം | I | 74060 | 450 | 600 | 150 |
| 2 | മഞ്ജു.എസ്.എസ്<br>ഫാർമസിസ്റ്റ് ഗ്രേഡ്<br>കാരുണ്യ ഫാർമസി<br>കൊട്ടാരക്കര | I | 90000 | 300 | 750 | 450 |
| 3 | ഷെമിന.ജെ<br>ഫാർമസിസ്റ്റ് ഗ്രേഡ് | I | 60000 | 450 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | കാരുണ്യ ഫാർമസി<br>കൊട്ടാരക്കര | | | | | |
| 4 | ശാലിനി.ജി.എൻ<br>കെ.ജി.റ്റി.കാർമൽ റസിഡൻഷ്യൽ സീനിയർ സെക്കൻററി സ്കൂൾ<br>കടലവിള<br>കൊട്ടാരക്കര | I | 39000 | 0 | 300 | 300 |
| 5 | എ.ഗോപി<br>(Emp.No.<br>04540580)<br>TM-IV<br>സതേൺ റെയിൽവേ | I | 116831 | 858 | 1000 | 142 |
| 6 | എ.അജ്മബുദ്ദീൻ<br>(Emp.No. 08040060)<br>TM-III<br>സതേൺ റെയിൽവേ | I | 131438 | 1000 | 1250 | 250 |
| 7 | ബാബുരാജ്.സി.വി<br>(Emp.No. 11F00213)<br>TM-IV<br>സതേൺ റെയിൽവേ | I | 127143 | 1000 | 1250 | 250 |
| 8 | എസ്.സുനിൽ കുമാർ<br>(Emp.No. 12040681)<br>TM-IV<br>സതേൺ റെയിൽവേ | I | 133765 | 1000 | 1250 | 250 |
| 9 | കെ.സക്കീർ ഹുസൈൻ<br>(Emp.No. 08040043)<br>TM-III<br>സതേൺ റെയിൽവേ | I | 148329 | 1000 | 1250 | 250 |
| 10 | എസ്.രതീഷ് കുമാർ<br>(Emp.No. 12040544)<br>TM-III<br>സതേൺ റെയിൽവേ | I | 126147 | 1000 | 1250 | 250 |
| 11 | എം.ഷിഹാബ്<br>(Emp.No. 10040116) | II | 130210 | 1000 | 1250 | 250 |

| | | | | | | |
|---|---|---|---|---|---|---|
| | TM-III<br>സതേൺ റെയിൽവേ | | | | | |
| 12 | ധന്യ.പി.ദാസ്<br>(Emp.No. 13040219)<br>TM-IV<br>സതേൺ റെയിൽവേ | II | 100011 | 752 | 1000 | 248 |
| ആകെ നഷ്ടം | | | | | | 2940 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/12-1-17) കുറവ് വന്ന നികുതി പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കിയതിൽ സംഭവിച്ച നഷ്ടം (2940/- രൂപ) ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 തൊഴിൽ നികുതി സ്ഥാപന നികുതി രജിസ്റ്റർ പരിപാലിക്കുന്നില്ല

നഗരസഭയുടെ പരിധിയിലുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതായ മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്ഥാപന നികുതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് ബോധ്യപ്പെട്ടിട്ടില്ല. സ്ഥാപന നികുതി രജിസ്റ്റർ പരിപാലിച്ച് എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-11 വിമുക്ത ഭടൻമാരെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

2015/16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ 9 കേരള എൻസിസി ബറ്റാലിയൻ,കൊട്ടാരക്കരയിലെ ജീവനക്കാരെ വിമുക്ത ഭടന്മാരെന്ന പരിഗണനയിൽ 2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കുവരുത്തുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേരുംമേൽ വിലാസവും | 2015/16 ഒന്നാം അർദ്ധ വർഷത്തെ ആകെ വരുമാനം (രൂപ) | ഈടാക്കേണ്ട നികുതി (രൂപ) | 2015/16 രണ്ടാം അർദ്ധ വർഷത്തെ ആകെ വരുമാനം (രൂപ) | ഈടാക്കേണ്ട നികുതി (രൂപ) | നഷ്ടം (രൂപ) |
|---|---|---|---|---|---|---|
| 1. | തങ്കരാജൻ.പി<br>സീനിയർ ക്ലാർക്ക് | 153354 | 1250 | 139883 | 1250 | 2500 |
| 2 | ഹരിദാസ്.വി.കെ<br>സീനിയർ ക്ലാർക്ക് | 148850 | 1250 | 159637 | 1250 | 2500 |
| 3 | ശ്രീകുമാർ<br>സീനിയർ ക്ലാർക്ക് | 128851 | 1250 | 158888 | 1250 | 2500 |

| | | | | | | |
|---|---|---|---|---|---|---|
| 4 | ബാലചന്ദ്രൻ പിള്ള<br>സീനിയർ ക്ലാർക്ക് | 128851 | 1250 | 155391 | 1250 | 2500 |
| 5 | ഇക്ബാൽ.എസ്<br>ക്ലാർക്ക് | 128851 | 1250 | 155391 | 1250 | 2500 |
| 6 | ജയാനന്ദൻ.കെ<br>എസ്ജിറ്റി | 121591 | 1000 | 133275 | 1250 | 2250 |
| 7 | പ്രസന്നകുമാരൻ നായർ<br>സീനിയർ ഗ്രേഡ് ഡ്രൈവർ | 149444 | 1250 | 166448 | 1250 | 2500 |
| 8 | യൂസഫ് കുഞ്ഞ്.എം<br>ലാസ്കർ ഗ്രേഡ്I | 129691 | 1250 | 138361 | 1250 | 2500 |
| 9 | തുളസി നായർ<br>ഓഫീസ് അറ്റൻഡൻറ് | 100806 | 1000 | 104014 | 1000 | 2000 |
| 10 | തുളസീധരൻ നായർ<br>ലാസ്കർ ഗ്രേഡ് II | 100806 | 1000 | 104014 | 1000 | 2000 |
| 11 | പ്രസാദ്.ജി<br>ലാസ്കർ ഗ്രേഡ്II | 100806 | 1000 | 105074 | 1000 | 2000 |
| 12 | രാജേന്ദ്രൻ പിള്ള.ബി<br>ലാസ്കർ ഗ്രേഡ്II | 83430 | 750 | 103484 | 1000 | 1750 |
| 13 | രാധാകൃഷ്ണ പിള്ള<br>പി.റ്റി.എസ് | 61820 | 600 | 61602 | 600 | 1200 |
| 14 | റജികുമാർ<br>ലാസ്കർ ഗ്രേഡ്II | 98308 | 750 | - | - | 750 |
| 15 | പ്രസാദ്.ആർ<br>ലാസ്കർ ഗ്രേഡ്II | - | - | 104014 | 1000 | 1000 |
| 16 | ബ്രൈറ്റ്.കെ<br>ലാസ്കർ ഗ്രേഡ്II | - | - | 104014 | 1000 | 1000 |
| 17 | ജയപ്രസാദ്.<br>യുഡിറ്റി | - | - | 121132 | 1000 | 1000 |
| ആകെ നഷ്ടം | | | | | | 32450 |

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരെയും വിമുക്ത ഭടൻമാരാണെന്ന പരിഗണനയിൽ തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | ഉദ്യോഗസ്ഥൻറെ പേരും വിലാസവും | 2015-16ൽ നികുതി ഒഴിവാക്കിയ | അർദ്ധ വാർഷിക | ഈടാക്കേണ്ട നികുതി | നഷ്ടം (രൂപ) |
|---|---|---|---|---|---|

| | | അർദ്ധവർഷം (രൂപ) | വരുമാനം (രൂപ) | (രൂപ) | |
|---|---|---|---|---|---|
| 1 | മധുഗോപാൽ നായർ<br>ക്ലാർക്ക്<br>സിൻഡിക്കേറ്റ് ബാങ്ക്,കൊട്ടാരക്കര | II | 278128 | 1250 | 1250 |
| 2 | അനിൽ കുമാർ.ആർ<br>കുക്ക് കം വാച്ചർ<br>പിഡബ്ളയുഡി ബിൽഡിംഗ്സ് സെക്ഷൻ,കൊട്ടാരക്കര | I | 115794 | 1000 | 1000 |
| | | II | 112250 | 1000 | 1000 |
| | ആകെ നഷ്ടം | | | | 3250 |
| 3 | മണികണ്ഠൻ.റ്റി.എസ്<br>സിംഗിൾ വിൻഡോ ഓപ്പറേറ്റർ,യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ<br>കൊട്ടാരക്കര | ഒന്നും രണ്ടും അർദധവർഷങ്ങളിലെ വരുമാനം സ്റ്റേറ്റ്മെൻറിൽ തിട്ടപ്പെടുത്തി നൽകിയിട്ടിലല. | | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.16/12-1-17)യ്ക്ക് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കിയതിൽ സംഭവിച്ച നഷ്ടം (32450+3250 രൂപ) ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. ശ്രീ.മണികണ്ഠന്റെ 2015-16 സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെയും വരുമാനം തിട്ടപ്പെടുത്തി സ്റ്റേറ്റ്മെന്റ് വാങ്ങേണ്ടതും വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി രണ്ട് അർദ്ധ വർഷങ്ങളിലെയും ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതുമാണ് അല്ലാത്തപക്ഷം നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-12 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

നഗരസഭയുടെ പരിധിയിൽപ്പെട്ട എല്ലാ വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ചുകൊണ്ടുള്ള വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഏതൊക്കെ വ്യാപാര വാണജ്യ സ്ഥാപനങ്ങൾ ഡി &ഒ ലൈസൻസ് എടുക്കുന്നുവെന്നും ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഒടുക്കു വരുത്തുന്നുണ്ടോയെന്നും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്തിൻറെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമുള്ള ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

## 2-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ഡിവിഷൻ (KSTP) കൊട്ടാരക്കരയിലെ സ്റ്റേറ്റ്മെൻറിൽ ടി സ്ഥാപനത്തിലെ ജീവനക്കാരായ ശ്രീമതി.സോണിയ.എം.വി, അസി.എഞ്ചിനീയർ, ശ്രീമതി.ബിജിതോമസ്, അസി.എഞ്ചിനീയർ എന്നീ ഗസറ്റഡ് ജീവനക്കാരുടെ 2015-16 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി നേരിട്ട് സ്ഥാപനത്തിൽ ഒടുക്കുവരുത്തുമെന്ന് സ്ഥാപന മേധാവിയായ അസി.എക്സി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.18/12-1-17)യ്ക്ക് ടി വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഒടുക്കുവരുത്തിയ രസീത് ആവശ്യപ്പെട്ട് ആയതിന്റെ പകർപ്പ് ഹാജരാക്കുന്നതാണെന്നും ഒടുക്കിയിട്ടില്ലായെങ്കിൽ നികുതി ഒടുക്കുവരുത്തിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി ജീവനക്കാർ ടി സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന കാലയളവിലെ വരുമാനം തിട്ടപ്പെടുത്തി വാങ്ങേണ്ടതും വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

ടെക്നിക്കൽ അസിസ്റ്റൻറ് ശ്രീ.ആനന്ദരാജിന്റെ 2015/16 രണ്ട് അർദ്ധവർഷങ്ങളിലെയും എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാരായിരുന്ന ശ്രീമതി.ഷാനി.എസ്, അസി.എഞ്ചിനീയർ, ശ്രീമതി.രാജേശ്വരി, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ശ്രീമതി.നിഷ.വി.എസ്., ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ 2015/16 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/13/1/17)ടി ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കാമെന്നറിയിച്ചിട്ടുണ്ട്.

## 2-14 ഓഡിറ്റോറിയങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്യുന്നില്ല.

നഗരസഭയുടെ പരിധിയിലുള്ളതാഴെപ്പറയുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കുന്നില്ല.

| ക്രമനം. | ഓഡിറ്റോറിയം | 2015/16ൽനികുതിഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | ജി.കെ.പി ആഡിറ്റോറിയം | I&II |
| 2. | ഹൈലാന്റ് ആഡിറ്റോറിയം | I&II |
| 3. | നിസ ആഡിറ്റോറിയം | I&II |

ടി ആഡിറ്റോറിയങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-15 വിനോദ നികുതി പരിശോധനയിൽ കാണപ്പെട്ട അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിലെ വിനോദ നികുതി പരിശോധനയിൽ താഴെക്കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു

1) സീൽ ചെയ്യുതിനു മുൻപ് ടിക്കറ്റുകൾ വിറ്റിരിക്കുന്നു

വിനസ് തീയറ്ററിന്റെ സ്പെഷ്യൽ ക്ലാസ് ടിക്കറ്റ് 2701-3100 വരെ 400എണ്ണം 20-10-2015

തീയതിയിൽ സീൽ ചെയ്ത് വിനോദനികുതി ആയി 1984/- ഉൾപ്പെടെ 7618/-രൂപ 11501110501/20-10-2015 നമ്പർ രസീതു പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ തീയറ്ററിന്റെ ഡി.സി.ആർ (പേജ് നമ്പർ 59) പ്രകാരം 2701 മുതലുള്ള ടിക്കറ്റുകൾ 14-10-2015 മുതൽ വിറ്റിട്ടുള്ളതായി കാണുന്നു. സീൽ ചെയ്ത് വിനോദനികുതി ഈടാക്കുന്നതിനു മുൻപ് ടിക്കറ്റുകൾ വിറ്റതിന്റെകാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23 തീ07-01-2017) മറുപടിയായി ഡി.സി. ആറിൽ തീയതി രേഖപ്പെടുത്തിയതിലെ വ്യത്യാസം പരിശോധിച്ച് ക്രമപ്പെടുത്തി നൽകും എന്ന മറുപടി അംഗീകരിക്കുന്നില്ല. ആയത് പരിശോധിച്ച് കൃത്യമായ മറുപടി ലഭ്യമാക്കി വകുപ്പ് തല നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) തിരികെ ലഭിച്ച ടിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല.

മിനർവ തീയറ്ററിന്റെ ടിക്കറ്റ് സീൽഡ് രജിസ്റ്റർ , ഡി.സി. ആർ എന്നിവ പരിശോധിച്ചതിൽ ഗോൾഡൻ ടിക്കറ്റുകൾ 2254-3100 വരെ 846 എണ്ണവും സിൽവർ ടിക്കറ്റുകൾ 8379-8500 വരെ 121 എണ്ണവും തിരികെ നൽകിയിട്ടുണ്ട് . പ്രസ്തുത ടിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടു ഓഡിറ്റ് (2/07-01-2017) എൻക്വയറി നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

3) സെസ്സ് ഈടാക്കിയിട്ടില്ല

ശാന്തി തീയറ്ററിന്റെ 100 ടിക്കറ്റുകൾ 25-01-2016 തീയതിയിൽ സീൽ ചെയ്ത് വിനോദനികുതി ഈടാക്കിയെങ്കിലും ആയതിന്റെ സെസ്സ് ആയ 300 (100x3) ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) പിരിച്ചെടുത്ത സെസ്സ് ഒടുക്കിയിട്ടില്ല

കൊട്ടാരക്കര നഗരസഭയിലെ മൂന്ന് തീയറ്ററുകളിൽ നിന്നും വിനോദനികുതിയുടെ കൂടെ പിരിച്ചെടുത്ത സെസ്സ് 78600/- രൂപ ഗവൺമെന്റിലേക്ക് തിരിച്ചടയ്ക്കാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/07-01-2017) മറുപടിയായി ഉടനെ അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് തിരിച്ചടച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സീൽ ചെയ്ത ടിക്കറ്റുകളുടെ ആധികാരികത വ്യക്തമല്ല

വീനസ് തീയറ്ററിന്റെ ഡി.സി.ആർ പരിശോധിച്ചതിൽ 7-11-15 തീയതിയിൽ ബാൽക്കണി ടിക്കറ്റുകൾ 1-500വരെയും സ്പെഷ്യൽ ക്ലാസ് ടിക്കറ്റുകൾ 1-300 വരെയും സീൽ ചെയ്ത് വിനോദനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ 500വരെയും 16-11-15 തീയതിയിൽ വീണ്ടും ബാൽക്കണി ടിക്കറ്റുകൾ1,സ്പെഷ്യൽ ക്ലാസ് ടിക്കറ്റുകൾ1-500 വരെയും സീൽ ചെയ്ത് നൽകിയിരിക്കുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/07-01-2017) മറുപടിയായി പഴയ നിരക്കിൽ ഉള്ള ടിക്കറ്റാണ് സീൽ ചെയ്ത് നൽകിയത് എന്നാണ് അറിയിച്ചിരിക്കുന്നത്. ആയത് വസ്തുതാപരമല്ല എന്ന് ടിക്കറ്റ് സീൽ രജിസ്റ്ററിൽ നിന്നും വ്യക്തമായതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല.

## 2-16 ഹോസ്പിറ്റൽ രജിസ്ട്രേഷൻ

2015-16 വർഷം താഴെ പറയുന്ന ഹോസ്പിറ്റൽ ,പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ, അപേക്ഷ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1. ക്രിസ്തു രാജ് ഹോസ്പിറ്റൽ,

2. ശ്രീ സത്യസായി സേവാ ഹോസ്പിറ്റൽ

3. ഡോ. അനിൽ തര്യൻസ് ചിൽഡ്രൻസ് ഹോസ്പിറ്റൽ

4. മുത്തൂറ്റ് സ്കാൻസ് ആന്റ് ലാബ്

ഇവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് 11.01.2017 ൽ 21-ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി നൽകിയിട്ടില്ല.

കൊട്ടാരക്കര നഗരസഭയിൽ നിലവിൽ പ്രവർത്തിക്കുന്നതും ഹോസ്പിറ്റൽ രജിസ്ട്രേഷൻ എടുക്കാത്തതുമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-17 ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

കൊട്ടാരക്കര നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ട്യൂട്ടോറിയൽ കോളേജുകൾ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

1.മിനർവ കോളേജ്

2.കിംഗ്സ് കോളേജ്

3.സാഗർ കോളേജ്

4.ഇംപൽസ് കോളേജ്

5.ബി അൻറ് സി കോളേജ്

6.സ്പെൻസർ -പുലമൺ

7.ബ്രില്യൻസ് കോച്ചിംഗ് സെന്റർ

8.കരിയർ കോച്ചിംഗ് സെന്റർ

9.ടാൻഡം കോച്ചിംഗ് സെന്റർ

10.പെന്റഗൺ കോച്ചിംഗ് സെന്റർ

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തി ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-18 ഡി & ഒ ലൈസൻസ്,പരസ്യ നികുതി എന്നിവയുടെ ബൈലോ സംബന്ധിച്ച്

കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 276, പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 567

എന്നിവ പ്രകാരം തയ്യാറാക്കിയ ബൈലോകളിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്ക് പരസ്യനികുതി പിരിക്കാൻ കുത്തകയ്ക്ക് നല്കാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. പരസ്യനികുതി കുത്തകക്കാരൻ പിരിക്കുകയാണെങ്കിലും സ്ഥാപിക്കുന്ന പരസ്യത്തിന് പെർമിറ്റ് നല്കേണ്ടതും ഫീസ് ഈടാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനമാണ്. ഈ വിഷയം സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (നമ്പർ 25/12.01.17) ബൈലോ അംഗീകരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും പരസ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള പെർമിറ്റ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച മറുപടി ലഭ്യമാക്കിയിട്ടില്ല. പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് നിയമ പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

2.ഡി &ഒ ലൈസൻസ് ബൈലോ സംബന്ധിച്ച്.

ഡി &ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ഒരേ സ്വഭാവമുള്ള വ്യാപാരങ്ങൾക്ക്/ സ്ഥാപനങ്ങൾക്ക് വ്യത്യസ്ത നിരക്ക് ഈടാക്കിയിരിക്കുന്നതായി കണ്ടു. ഡി &ഒ ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ച് സെക്ഷൻ 567 പ്രകാരം ബൈലോ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ബൈലോ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

## ഭാഗം-**3**

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### **3-1** <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ നിർവ്വഹണത്തിലെ ക്രമക്കേടുകൾമൂലം **342300/-** രൂപാ നിരാകരിക്കുന്നു.</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ (59 /16) എന്ന പ്രോജക്ടിന്റെ പരിശോധനയിൽ കാണപ്പെട്ടിട്ടുള്ള അപാകതകൾ താഴെക്കൊടുക്കുന്നു

അടങ്കൽ തുക-1200000/-രൂപ (വികസന ഫണ്ട് (എസ് സി പി) )

ബിൽ നമ്പർ -17 15-16,തീ 30-09-2015 -220948/-രൂപ

ബിൽ നമ്പർ -18 15-16,തീ 30-09-2015 -978732/-രൂപ

ആകെ-1199680/- രൂപ

ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന 4 സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ലഭിക്കുക ഉണ്ടായി.

1) കിക്കോ ബിസിനസ്സ് കോർപറേഷൻ, അടൂർ

1. 1. ii)കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ തിരുവനന്തപുരം

iii)ആൽ-മനാമ ട്രേഡിംഗ് കമ്പനി,പത്തനംതിട്ട

iv)സ്റ്റാ ബോർഡ് ഫാക്ടറി, പരുമല,പത്തനംതിട്ട

11-02-2015 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 (1) തീരുമാന പ്രകാരം കുറഞ്ഞ നിരക്ക് എന്നതിലുപരി ഗുണനിലവാരം പ്രധാനമാകയാൽ ടെണ്ടർ നല്കിയിട്ടുള്ള സ്ഥാപനങ്ങളിൽ നേരിട്ടുപോയി , വിതരണം നടത്താമെന്ന് പറഞ്ഞിട്ടുള്ള ഫർണീച്ചറുകൾ പരിശോധിച്ച് റിപ്പോർട്ട് അടുത്ത പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ്, വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ, ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ, പഞ്ചായത്ത് മെമ്പർമാരായ ശ്രീ.വി ഫിലിഫ്, ശ്രീ.എ.ഷാജു എന്നിവരടങ്ങിയ ഒരു സബ് കമ്മറ്റിയെ ചുമതലപ്പെടുത്തി.

ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കേരള ആർട്ടിസാൻസ് ഡെവലപ് മെന്റ് കോർപറേഷൻ റീജിയണൽ ഓഫീസർക്ക് 06-05-2015 ൽ ഇ-5-06/ 14 നമ്പരായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നല്കിയിട്ടുള്ള കത്തിൽ 05-05-2015 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(3)-ാം നമ്പർ തീരുമാന പ്രകാരം ടി സ്ഥാപനം നല്കിയ ടെണ്ടർ അനുസരിച്ച് നെഗോസിയേഷന് അറിയിച്ചിരുന്നുവെന്നും എന്നാൽ നെഗോസിയേഷന് തയ്യാറാകാതിരുന്നതിനാൽ സ്ഥാപനത്തിന്റെ ടെണ്ടർ റദ്ദ് ചെയ്തതായി അറിയിച്ചിരിക്കുന്നു. തുടർന്ന് 08-05-2015 ലെ ഇ5 06/ 15 നമ്പരായി അൽ-മനാമ ട്രേഡിംഗ് കമ്പനി പത്തനംതിട്ടയ്ക്ക് നല്കിയ കത്തിൽ 05-05-2015 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(3) നമ്പർ തീരുമാന പ്രകാരം ടി സ്ഥാപനം നല്കിയ ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. തുടർന്ന് രേഖകൾ പരിശോധിച്ചതിൽ 29-06-2015 ൽ ഇ5-2107 /15 ആയി അൽ-മനാമ ട്രേഡിംഗ് കമ്പനി പത്തനംതിട്ടയ്ക്ക് താഴെക്കൊടുത്തിരിക്കും പ്രകാരം വിതരണ ഉത്തരവ് നല്കിയിരിക്കുന്നു. "കൊട്ടാരക്കര ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ (59 /16) എന്ന സ്പിൽ ഓവർ പ്രോജക്ട് (എസ്റ്റിമേറ്റ് തുക 1200000/- രൂപ) 2014-15 ൽ ടെണ്ടർ ചെയ്തതിൻ പ്രകാരം താങ്കൾ നല്കിയ ടെണ്ടർ പഞ്ചായത്ത് അംഗീകരിക്കുകയും ആയതിൻ പ്രകാരം 29-06-2015 ൽ താങ്കൾ എഗ്രിമെന്റ് വച്ചിട്ടുള്ളതുമാണ്. ആയതിനാൽ ടെണ്ടർ നിബന്ധനപ്രകാരവും കരാർ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടും ബന്ധപ്പെട്ട ഫർണീച്ചർ ഇനങ്ങൾ നിർദ്ദിഷ്ട ലിസ്റ്റ് പ്രകാരം അതാത് സ്കൂളുകളിൽ വിതരണം നടത്തുന്നതിന് അനുമതി നല്കികൊണ്ട് ഉത്തരവാകുന്നു." ഇതിൻ പ്രകാരം 326 മേശ, കസേര എന്നിവ വിതരണം നടത്തിയതിന് 1199680/- രൂപ നല്കിയതായി കാണുന്നു.

ടി പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ താഴെകൊടുക്കുന്നു

1)11-02-2015 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 (1) തീരുമാന പ്രകാരം ഗുണനിലവാരം പരിശോധിച്ച് അടുത്ത പഞ്ചായത്ത് യോഗത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സബ് കമ്മറ്റിയെ നിയോഗിച്ചെങ്കിലും ഇപ്രകാരം റിപ്പോർട്ട് നല്കിയതായി കാണുന്നില്ല.

2)05-05-2015 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(3) നമ്പർ തീരുമാന പ്രകാരം കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ നെഗോസിയേഷന് തയ്യാറാകാതിരുന്നതിനാൽ സ്ഥാപനത്തിന്റെ ടെണ്ടർ റദ്ദ് ചെയ്തതായും, അൽ-മനാമ

ട്രേഡിംഗ് കമ്പനി പത്തനംതിട്ടയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെന്നും അതാത് സ്ഥാപനങ്ങളെ അറിയിച്ചിരിക്കുന്നു. എന്നാൽ ടി 05-05-2015 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(3)-ാം നമ്പർ തീരുമാനം താഴെക്കൊടുക്കുന്ന "കൊട്ടാരക്കര ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ മുട്ടവിള കോളനിയിൽ ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചെയ്തുതീർത്ത മുട്ടവിള കോളനി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും, ആയതിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കു വരുത്തുന്നതിനും പഞ്ചായത്ത് കമ്മറ്റി ഐകകണ്ഠേന തീരുമാനിച്ചു." ഇതിൽ നിന്നുംകേരള ആർട്ടിസാൻസ് ഡെവലപ് മെന്റ് കോർപറേഷന്റെ ടെണ്ടർ റദ്ദ് ചെയ്തുകൊണ്ടോ, അൽ-മനാമ ട്രേഡിംഗ് കമ്പനി പത്തനംതിട്ടയുടെ ടെണ്ടർ അംഗീകരിച്ചുകൊണ്ടോ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ലെന്ന് വ്യക്തമാകുന്നു.

3)ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ റീജിയണൽ ഓഫീസർക്ക് 06-05-2015 ൽ ഇ-5-06/ 14 നമ്പരായി ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നല്കിയിട്ടുള്ള കത്തിൽ 05-05-2015 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(3) നമ്പർ തീരുമാന പ്രകാരം ടി സ്ഥാപനം നല്കിയ ടെണ്ടർ അനുസരിച്ച് നെഗോസിയേഷന് അറിയിച്ചിരുന്നുവെന്നും, എന്നാൽ നെഗോസിയേഷന് തയ്യാറാകാതിരുന്നതിനാൽ സ്ഥാപനത്തിന്റെ ടെണ്ടർ റദ്ദ് ചെയ്തതായും അറിയിച്ചിരിക്കുന്നു. എന്നാൽ ഇത്തരത്തിൽ ഏതെങ്കിലും തരത്തിലുള്ള നെഗോസിയേഷൻ നടത്തിയതിന്റെ രേഖകളില്ല.

4)29-06-2015 ൽ ഇ5-2107 /15 ആയി അൽ-മനാമ ട്രേഡിംഗ് കമ്പനി പത്തനംതിട്ടയ്ക്ക് നല്കിയ വിതരണ ഉത്തരവിൽ വ്യക്തതയില്ല. ടിസ്ഥാപനം മേശ, കസേര എന്നിവയ്ക്ക് വ്യത്യസ്ത നിരക്കുകൾ രേഖപ്പെടുത്തിയതിൽ ഏതു നിരക്ക് പ്രകാരം എത്ര ഉപകരണങ്ങൾ വിതരണം ചെയ്യാണമെന്നോ, ഒരു വിതരണ ഉത്തരവിൽ ഉണ്ടായിരിക്കേണ്ട മറ്റു വിവരങ്ങളോ ഇല്ല.

5)29-06-2015 ൽ ഇ5-2107 /15 ആയി അൽ-മനാമ ട്രേഡിംഗ് കമ്പനി പത്തനംതിട്ടയ്ക്ക് നല്കിയിരിക്കുന്ന വിതരണ ഉത്തരവിൽ 29-06-2015 ൽ താങ്കൾ എഗ്രിമെന്റ് വച്ചിട്ടുള്ളതാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള എഗ്രിമെന്റ് പരിശോധിച്ചതിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ പഞ്ചായത്തിനു വേണ്ടി സെക്രട്ടറി കരാറിലേർപ്പെടുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഇതിൽ നിന്നും പഞ്ചായത്ത് കമ്മിറ്റി എടുക്കാത്ത തീരുമാനത്തിന്റേയും, ചമയ്ക്കാത്ത കരാറിന്റേയും അടിസ്ഥാനത്തിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയാണ് 9-06-2015 ൽ ഇ5-2107 /15 ആയി അൽ-മനാമ ട്രേഡിംഗ് കമ്പനി പത്തനംതിട്ടയ്ക്ക് സെക്രട്ടറി വിതരണ ഉത്തരവ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു.

6) അൽ-മനാമ ട്രേഡിംഗ് കമ്പനി പത്തനംതിട്ടയുടെ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ അംഗീകരിക്കാതിരുന്നാൽ ആയതിന് മതിയായ കാരണം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ നല്കിയിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തെ അംഗീകരിച്ചതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി എതെങ്കിലും തീരുമാനം എടുത്തതായി കാണുന്നില്ല. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ അംഗീകരിക്കാതെ, സെക്രട്ടറി വ്യാജമായ തീരുമാനം രേഖപ്പെടുത്തി വിതരണ ഉത്തരവ് നല്കിയതുമൂലം താഴെ ക്കൊടുത്തിരിക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷന്റെ ടെണ്ടർ പ്രകാരം ചെലവഴിക്കേണ്ടി വരുമായിരുന്ന തുക - (മേശ 1690/- രൂപ ക്രമം, കസേര 940/- രൂപ ക്രമം ഒരു സെറ്റിന്-2630/- രൂപ)-326x2630=857380/- രൂപ

ചെലവഴിച്ച തുക-1199680/- രൂപ

അധികം ചെലവഴിച്ച തുക-(1199680-857380)-342300/-രൂപ

ടി തുക നിരാകരിക്കാതിരിക്കുന്നതിന് എന്തെങ്കിലും വിശദീകരണമോ അനുബന്ധരേഖകളോ ലഭ്യമാക്കുവാനുണ്ടെങ്കിൽ ആയത് 11-01-2017 വൈകുന്നേരം 5 മണിക്കു മുമ്പായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 09-01-2017 ൽ നമ്പർ 4 ആയി ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും, ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ സെക്രട്ടറി വ്യാജ വിതരണ ഉത്തരവ് നല്കിയതിലൂടെ ഉണ്ടായിട്ടുള്ള നഷ്ടം 342300/- രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്. കൂടാതെ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാതെ തുക ചെലവഴിച്ചതു സംബന്ധിച്ച് ക്ഷമതയുള്ള ഏജൻസിയെക്കൊണ്ട് തുടരന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-2 എൽ ഇ ഡി സ്ട്രീറ്റ് സ്ഥാപിക്കൽ (13 /16)-386508/-രൂപ നഷ്ടം

അടങ്കൽ തുക – 1530000/- രൂപ ( ലോക ബാങ്ക് -356000/- രൂപ, തനത്ഫണ്ട്-1164508/- രൂപ)

ബിൽ നമ്പർ-19 /15-16/29-09-15 – 356000/- രൂപ
ചെക്ക് നം-17428/ 25-09-2015 -200000/- രൂപ
ചെക്ക് നം-1895257/ 16-10-2015 -400000/- രൂപ
ചെക്ക് നം-020092/ 29-2-2016 52778/- രൂപ
ചെക്ക് നം,തീയതി ലഭ്യമല്ല 414530/- രൂപ
ആകെ 1423308/- രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എൽ ഇ ഡി സ്ട്രീറ്റ് സ്ഥാപിക്കൽ (13 /16) പ്രോജക്റ്റിന്റെ പരിശോധനയിൽ കാണപ്പെട്ടിട്ടുള്ള അപാകതകൾ താഴെകൊടുക്കുന്നു.

1. ടി പ്രോജക്റ്റിനായി ടെണ്ടർ ക്ഷണിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന 3 സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ലഭിക്കുക ഉണ്ടായി

i) കൃഷ്ണ കുമാർ, കെ കെ അസോസിയേറ്റ്സ്, കൊട്ടാരക്കര

ii)ഷിഹാബുദ്ദീൻ വി 3 അസോസിയേറ്റ്സ് ,അടൂർ

iii) അമ്മിണി എനർജി സിസ്റ്റംസ്, തിരുവനന്തപുരം

ഇതിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് അമ്മിണി എനർജി സിസ്റ്റംസ്, തിരുവനന്തപുരം എന്ന സ്ഥാപനമാണ്. കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30-06-2015 ലെ 1 (10) നമ്പരായുള്ള തീരുമാന പ്രകാരം അമ്മിണി എനർജി സിസ്റ്റംസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ നിർദ്ദിഷ്ട ലൈറ്റ് സെറ്റ് പ്രസ്തുത സ്ഥാപനത്തിന്റെ തന്നെ നിർമ്മിതിയും, 18 വാട്ട്സ് ആയതിനാലും പ്രസ്തുത ലൈറ്റ് യൂണിറ്റുകൾ വാങ്ങി സ്ഥാപിക്കുന്നത് ഉചിതമല്ല എന്ന് കമ്മിറ്റിയിൽ അഭിപ്രായം ഉണ്ടായി. കൂടാതെ ഇവരുടെ മുൻ വർഷങ്ങളിലെ സേവനം അത്ര മെച്ചമല്ല എന്നും അഭിപ്രായം ഉണ്ടായി. തുടർന്ന് കൃഷ്ണ കുമാർ, കെ കെ അസോസിയേറ്റ്സ്, കൊട്ടാരക്കര നല്കിയ സാധാരണ എൽ ഇ ഡി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ അംഗീകരിക്കുന്നതിനും തീരുമാനിച്ചു. ഇതു പ്രകാരം 03-09-2015 ലെ ഇ 58730 15 നമ്പരായി 324 എണ്ണം എൽ ഇ ഡി ലൈറ്റ് വിതരണം നടത്തുന്നതിന് ഉത്തരവ് നല്കുകയും ചെയ്തു. ഇതിനായി സേവന നികുതി ഉൾപ്പെടെ 1423308/- രൂപ സ്ഥാപനത്തിന് നല്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

i) ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനത്തെ ഒഴിവാക്കി ടെണ്ടർ അംഗീകരിക്കുകയാണെങ്കിൽ ആയതിന് മതിയായ കാരണം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന കാരണം "അമ്മിണി എനർജി സിസ്റ്റംസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ നിർദ്ദിഷ്ട ലൈറ്റ് സെറ്റ് പ്രസ്തുത സ്ഥാപനത്തിന്റെ തന്നെ നിർമ്മിതിയും, 18 വാട്ട്സ് ആയതിനാലും പ്രസ്തുത ലൈറ്റ് യൂണിറ്റുകൾ വാങ്ങി സ്ഥാപിക്കുന്നത് ഉചിതമല്ല എന്ന് കമ്മിറ്റിയിൽ അഭിപ്രായം ഉണ്ടായി" എന്നതും മുൻ കാലങ്ങളിലെ സേവനം അത്ര മെച്ചമായിരുന്നില്ലാ എന്നതുമാണ് ടി സ്ഥാപനത്തെ ഒഴിവാക്കുന്നതിന് കാരണമായി ചേർത്തിരിക്കുന്നത്. ഇന്ത്യൻ പ്രസിഡന്റിൽ നിന്നും ഗുണനിലവാരത്തിനുള്ള അംഗീകാരം നേടിയ സ്ഥാപനമാണ് അമ്മിണി എനർജി സിസ്റ്റംസ്. ഇവർ വിതരണം ചെയ്യാമെന്ന് സമ്മതിച്ചിട്ടുള്ള ഉപകരണങ്ങളുടെ ഗുണനിലവാരം അംഗീകൃത ലാബിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കാതെ നിർദ്ദിഷ്ട ലൈറ്റ് സെറ്റ് പ്രസ്തുത സ്ഥാപനത്തിന്റെ തന്നെ നിർമ്മിതിയാണെന്നുള്ള കാരണത്താൽ ഒഴിവാക്കിയത് അംഗീകരിക്കുവാൻ കഴിയുകയില്ല. കൂടാതെ ഇവരുടെ മുൻകാല സേവനം തൃപ്തികരമല്ല എന്ന തെളിയിക്കുന്ന ഏതെങ്കിലും വസ്തുതകളോ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മുൻകാല സേവനം തൃപ്തികരമല്ല എന്ന നിഗമനത്തിൽ ടി സ്ഥാപനത്തേ ഒഴിവാക്കിയത് അംഗീകരിക്കുവാൻ കഴിയുകയില്ല

ii) അമ്മിണി എനർജി സിസ്റ്റംസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ഒഴിവാക്കിയതിന്റെ മറ്റൊരു കാരണമായി രേഖപ്പെടുത്തിയിട്ടുള്ളത് നിർദ്ദിഷ്ട ലൈറ്റ് സെറ്റ് 18 വാട്ട്സ് ആയതിനാൽ വാങ്ങുന്നത് ഉചിതമല്ല എന്നാണ്. എന്നാൽ ടി സ്ഥാപനത്തിന്റെ

ഫ്രൊഫൈൽ പ്രകാരം എൽ ഇ ഡി ലൈറ്റ് 12, 24 36, 48 വാട്ട്സ് പ്രകാരമാണ് ഉള്ളത്. 20 വാട്ട്സ് ആണ് ദർഘാസ് പരസ്യപ്രകാരം ആവശ്യപ്പെട്ടിരുന്നതെങ്കിലും കെ കെ അസോസിയേറ്റ്സ്, എന്ന സ്ഥാപനത്തിൽ നിന്നും 24 വാട്ട്സ് എൽ ഇ ഡി ലൈറ്റ് ആണ് വാങ്ങിയിട്ടുള്ളത്. അമ്മിണി എനർജി സിസ്റ്റംസ് നല്കിയിട്ടുള്ള ടെണ്ടറിൽ (LRL-18 AY 2B) എന്ന ഉത്പന്നത്തിന്റെ കോഡാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് എത്ര വാട്ട്സ് ആണെന്ന് ഉറപ്പുവരുത്താതെ ടി സ്ഥാപനത്തെ ഒഴി വാക്കിയത് ക്രമപ്രകാരമല്ല.

iii) ദർഘാസ് പരസ്യപ്രകാരം ഇപകരണങ്ങൾ വിതരണം നടത്തി സ്ഥാപിക്കുന്നതിന്റെ നിരക്ക് എല്ലാവിധ നികുതികളും അടങ്ങിയത് ആയിരിക്കണം എന്നാണ്. എന്നാൽ സേവനനികുതി അധികമായി നല്കണമെന്ന് വ്യവസ്ഥ ഉൾപ്പെടുത്തിയതാണ് കെ കെ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ

iv) അമ്മിണി എനർജി സിസ്റ്റംസ്, തിരുവനന്തപുരം എന്ന സ്ഥാപനം 36 മാസത്തെ വാറന്റിയാണ് ഉറപ്പുനല്കിയിട്ടുള്ളത്. കെ കെ അസോസിയേറ്റ്സ് എന്ന സ്ഥാപനം 24 മാസത്തെ വാറന്റിയാണ് നല്കിയിട്ടുള്ളത്.

ഇതിൽ നിന്നും അമ്മിണി എനർജി സിസ്റ്റംസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ഒവിവാക്കിയത് മതിയായ കാരണങ്ങളാലല്ലെന്ന് വ്യക്തമാണ്. കൂടാതെ കരാർ ലഭിച്ചിട്ടുള്ള കെ കെ അസോസിയേറ്റ്സ്, കൊട്ടാരക്കര എന്ന സ്ഥാപനം 2015-16 സാമ്പത്തിക വർഷം കൊട്ടാരക്കര ഗ്രാമ പഞ്ചായത്തിലെ ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള് വിവിധ ഇലക്ട്രിക്കൽ പ്രവൃത്തികളിലായി 7725000/- രൂപ (എഴുപത്തിയേഴ് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ) അടങ്കൽ തുകയുള്ള പ്രവൃത്തികളുടെ കരാറുകാരനുമായിരുന്നു.

ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങാതിരുന്നതുമൂലം താഴെക്കൊടുത്തിരിക്കും പ്രകാരം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്

കെ കെ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതിന് ചെലവഴിച്ച തുക-1423308/- രൂപ

ഉപകരണങ്ങൾ അമ്മിണി എനർജി സിസ്റ്റംസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നെങ്കിൽ ചെലവഴിക്കേണ്ടിവരുമായിരുന്ന തുക-3200x324=1036800/- രൂപ

അധികമായി ചെലവഴിച്ച തുക-1423308-1036800=386508/- രൂപ

ഇപ്രകാരം തുക അധികം ചെലവഴിച്ചത് നിരാകരിക്കാതിരിക്കുന്നതിന് എന്തെങ്കിലും വിശദീകരണം ലഭ്യമാക്കുവാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 10-01-2017 ൽ നമ്പർ 8 ആയി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ടി സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതാണെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു തീരുമാനം എടുത്തിട്ടുള്ളതിന്റെ പകർപ്പോ, ടി സ്ഥാപനത്തിന്റെ സേവനം തൃപ്തികരമല്ലെന്നു കാണിച്ചുകൊണ്ട് സ്ഥാപനത്തിന് നല്കിയിട്ടുള്ള ഏതെങ്കിലും കത്തിടപാടുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല..

അധികമായി ചെലവഴിച്ചിട്ടുള്ള 386508/- രൂപ 30-06-2015 ലെ 1 (10) നമ്പരായുള്ള തീരുമാനത്തോട് വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയോ, സ്ഥാപനത്തിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം സംബന്ധിച്ച വിവരം കമ്മിറ്റിയെ അറിയിക്കാതിരിക്കുകയും ചെയ്ത ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തിയിട്ടുള്ള ടാറിംഗ് ആവശ്യമായ മരാമത്ത് പ്രവൃത്തികളിൽ ബിറ്റുമിന് അധിക വില നല്കി 294760/- രൂപ നിരാകരിക്കുന്നു

ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തിയിട്ടുള്ള ടാറിംഗ് ആവശ്യമായ മരാമത്ത് പ്രവൃത്തികളിൽ ഡി എസ് എർ 2014 പ്രകാരമുള്ള ബിറ്റുമിൻ നിരക്കുപ്രകാരം അനുവദിച്ചിട്ടുള്ള തുകയും , ടിപ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന് ഗുണഭോക്തൃസമിതിക്ക് അവർ ഹാജരാക്കിയിട്ടുള്ള ബില്ല പ്രകാരം ചെലവഴിക്കേണ്ടിവന്നിട്ടുള്ള യഥർത്ഥ തുകയും തമ്മിലുള്ള വ്യത്യാസം കുറവുചെയ്യാതെ അന്തിമ ബില്ല് നല്കിയതുമൂലം താഴെക്കൊടുത്തിരിക്കും പ്രകാരം തുക അധികം ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്.

1)പ്രവൃത്തിയുടെ പേര്- വൈരമൺ കനാൽ റോഡ് ടാറിംഗ് (185 /16)

അടങ്കൽല് തുക-490000/- രൂപ (സംരക്ഷണ ഗ്രാന്റ് ,റോഡ്)

സാങ്കേതികാനുമതി- 569/AEE/LSGD/ KTR,/25-06-2015

കരാർ – 42/AE/LSGD/KTR/ 07-07-2015

ഗുണഭോക്തൃസമിതി കൺവീനർ - ശ്രീമതി. ബീന തമ്പുരാൻ കോയിക്കൽ

അളവു പുസ്തകം -120 /15-16

ബിൽ തുക-488135/- രൂപ

ബിൽ നമ്പർ തീയതി-141/ 15-16/31-03-2016

ടി പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന്റെ അളവ് (അളവു പുസ്തകം പേജ്-19) 2589 കി ഗ്രാം ആണ്. ഇതിനായി ഡി എസ് എർ 2014 പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെട്ട് അന്തിമ ബിൽ പ്രകാരം നല്കിയിട്ടുള്ള തുക (50700x1.419=71943/ടൺ, 71.94/ കി ഗ്രാം) 2589x71.94=186253/- രൂപ

എന്നാൽ സിഡ്കോയുടെ 28-12-2015ലെ 11853 നമ്പർ ഇൻവോയിസ് പ്രകാരം 16 ബാരൽ (161.8 കിഗ്രാം/ബാരൽ) വി ജി 10 ബിറ്റുമിന്റെ വില 92581/- രൂപ , നിരക്ക് 35.76/- രൂപ

നിരക്കിലെ വ്യത്യാസം-71.94-35.76 = 36.18/- രൂപ

അധികം നല്കിയ തുക-36.18x2589=93670/- രൂപ

2)പ്രവൃത്തിയുടെ പേര്-മുളംകുന്ന് കനാൽ റോഡ് (187 /16)

അടങ്കൽ തുക-470000 രൂപ (വികസന ഫണ്ട്-12000/-രൂപ, തനത് ഫണ്ട്-350000/-രൂപ)

സാങ്കേതികാനുമതി- 569/AEE/LSGD/ KTR,/25-06-2015

കരാർ-39/AE/LSGD/KTR/07-07-2015

അളവു പുസ്തകം -121 /15-16

ഗുണഭോക്തൃസമിതി കൺവീനർ-ബീന തമ്പുരാൻ കോയിക്കൽ

ബിൽ തുക-120000/- രൂപ

ബിൽ നമ്പർ തീയതി-143/ 15-16 തീ 31-03-2016

ടി പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന്റെ അളവ് (അളവു പുസ്തകം പേജ്-16) 2499 കി ഗ്രാം ആണ്. ഇതിനായി ഡി എസ് ആർ 2014 പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെട്ട് അന്തിമ ബിൽ പ്രകാരം നല്കിയിട്ടുള്ള തുക (50700x1.419=71943/ടൺ,71.94/ കി ഗ്രാം)2499x71.94=179778/-രൂപ

എന്നാൽ സിഡ്കോയുടെ 28-12-2015ലെ 11851 നമ്പർ ഇൻവോയിസ് പ്രകാരം 17ബാരൽ (161.8 കിഗ്രാം/ബാരൽ) വി ജി 10 ബിറ്റുമിന്റെ വില 98369/- രൂപ , നിരക്ക് 35.76/- രൂപ

നിരക്കിലെ വ്യത്യാസം-71.94-35.76 = 36.18/- രൂപ

അധികം നല്കിയ തുക-36.18x2499=90414/- രൂപ

3)പ്രവൃത്തിയുടെ പേര്- ഇ ടി സികനാൽ റോഡ് (175 /16)

അടങ്കൽ തുക-470000/- രൂപ (സംരക്ഷണ ഗ്രാന്റ് ,റോഡ്)

സാങ്കേതികാനുമതി- 569/AEE/LSGD/ KTR,/25-06-2015

കരാർ-103/AE/LSGD/KTR/06-08-2015

അളവു പുസ്തകം -114 /15-16

ഗുണഭോക്തൃസമിതി കൺവീനർ-ശ്രീ. മുരളീധരൻ

ബിൽ തുക-398374/- രൂപ

ബിൽ നമ്പർ തീയതി-137/ 15-16/ 31-03-2016

ടി പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന്റെ അളവ് (അളവു പുസ്തകം പേജ്-34)1585 കി ഗ്രാം ആണ്. ഇതിനായി ഡി എസ് ആർ 2014 പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെട്ട് അന്തിമ ബിൽ പ്രകാരം നല്കിയിട്ടുള്ള തുക (50700x1.419=71943/ടൺ,71.94/ കി ഗ്രാം)1585x71.94=114025/- രൂപ

എന്നാൽ സിഡ്കോയുടെ 03-12-2015 ലെ 11550-ാം നമ്പർ ഇൻവോയിസ് പ്രകാരം 11ബാരൽ (161.8 കിഗ്രാം/ബാരൽ) വി ജി 10 ബിറ്റുമിന്റെ വില 66529/- രൂപ , നിരക്ക്-37.38/- രൂപ

നിരക്കിലെ വ്യത്യാസം-71.94-37.38 = 34.56/- രൂപ

അധികം നല്കിയ തുക-34.56x1585=54778/- രൂപ

4)പ്രവൃത്തിയുടെ പേര്-പടിഞ്ഞാറ്റിൻകര- ചാമക്കാല ഭാഗം -കണിയാംകോണം സ്കൂൾ റോഡ് ടാറിംഗ് (209 /16)

അടങ്കൽ തുക-295000/- രൂപ (സംരക്ഷണ ഗ്രാന്റ് ,റോഡ്)

കരാർ-82/AE/LSGD/KTR/ 21-07-2015

അളവു പുസ്തകം -122 /15-16

ഗുണഭോക്തൃസമിതി കൺവീനർ-എസ് രാജൻ തുണ്ടിൽവീട്

ബിൽ തുക-293644/- രൂപ

ബിൽ നമ്പർ തീയതി-144/ 15-16/ 31-03-2016

ടി പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന്റെ അളവ് (അളവു പുസ്തകം പേജ്-14)1545 കി ഗ്രാം ആണ്. ഇതിനായി ഡി എസ് ആർ 2014 പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെട്ട് അന്തിമ ബിൽ പ്രകാരം നല്കിയിട്ടുള്ള തുക (50700x1.419=71943/ടൺ,71.94/ കി ഗ്രാം)1545x71.94=111147/- രൂപ

എന്നാൽ സിഡ്കോയുടെ 28-12-2015ലെ 11852-ാം നമ്പർ ഇൻവോയിസ് പ്രകാരം 10ബാരൽ (161.8 കിഗ്രാം/ബാരൽ) വി ജി 10 ബിറ്റുമിന്റെ വില 57864/- രൂപ , നിരക്ക് 35.76/- രൂപ

നിരക്കിലെ വ്യത്യാസം-71.94-35.76 = 36.18/- രൂപ

അധികം നല്കിയ തുക-36.18x1545=55898/- രൂപ

ടി വിഷയം സംബന്ധിച്ച് 12-01-2017 ൽ നമ്പർ 26 ആയി ഓഡിറ്റ് അന്വേഷണം നല്കിയതിന് ഓഡിറ്റ് പരാമർശത്തിൽ പറയുന്ന ടാറിന്റെ നിരക്കിലുള്ള വ്യത്യാസം സംബന്ധിച്ച് ഗുണഭോക്തൃ സമിതി കൺവീനർമാരെ ബോധ്യപ്പെടുത്തി അധിക നിരക്ക് തിരികെ ഈടാക്കിക്കൊള്ളാമെന്ന മറുപടി നൽകി.

മുകളിൽ ചേർത്തിട്ടുള്ള 4 പ്രവൃത്തികളിലായി ആകെ അധികം നല്കിയിട്ടുള്ള തുക (93670+90414+54778+55898) 294760/- രൂപ ബന്ധപ്പെട്ട ഗുണഭോക്തൃ സമിതിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ടഅക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്

## 3-4 കുടിവെള്ളക്കിണർ നിർമ്മാണം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് നല്കിയിരിക്കുന്ന 85000/-രൂപ നിരാകരിക്കുന്നു

പ്രോജക്ട്-കുടിവെള്ളക്കിണർ നിർമ്മാണം (61 /15-16)

അടങ്കൽ തുക-119000/- രൂപ (വികസന ഫണ്ട് -എസ് സി പി )

ബിൽ തുക-119000/- രൂപ

ബിൽ നമ്പർ -5/15-16 /17-07-2015

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ടി പ്രോജക്ടിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത താഴെക്കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് ആനുകൂല്യം നല്കിയിരിക്കുന്നു.

| ക്ര നം | പേര് , മേൽവിലാസം | നല്കിയ തുക(രൂപാ) |
|---|---|---|
| 1 | ശ്രീമതി. സുമംഗല,കുര്യോട്ട് വീട് ,ഈയംകുന്ന് | 17000 |

| | | |
|---|---|---|
| 2 | ശ്രീ.വാസുദേവൻ, സിന്ധുനിവാസ്, പടിഞ്ഞാറ്റിൻകര | 17000 |
| 3 | ശ്രീമതി.അജിത ,പ്ലാവിള പുത്തൻവീട് ,തൃക്കണ്ണമംഗൽ | 17000 |
| 4 | ശ്രീമതി.വീണ , അനുഭവൻ,കിഴക്കേക്കര | 17000 |
| 5 | ശ്രീമതി.ഓമന, പാലവിളവീട്,തൃക്കണ്ണമംഗൽ | 17000 |
| | ആകെ | 85000 |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നല്കിയതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 09-01 2017 ൽ നമ്പർ 4 ആയി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിച്ചുകൊണ്ടാണ് പദ്ധതി നിർവ്വഹണം നടത്തേണ്ടത്. ഗുണഭോക്താക്കളുടെ രേഖാമൂലമുള്ള സമ്മതപ്രകാരം മാത്രമേ മുൻഗണനാക്രമത്തിൽപ്പോലും മാറ്റം വരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമുള്ളൂ. ആയതിനാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് നല്കിയിട്ടുള്ള 85000/- രൂപ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്.

## 3-5 മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റിനെ അധികരിച്ച് തുക നല്കി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റിനെ അധികരിച്ച് തുക നല്കി.

ചുവടെ ചേർത്തിരിക്കുന്ന വ്യക്തികളുടെ ഭവന പുനരുദ്ധാരണത്തിന്റെ (പ്രോജക്ട് നമ്പർ .SO72/16 വികസന ഫണ്ട് എസ്.സി.പി. 1350000/-രൂപ ചെലവഴിച്ച തുക 1100000/-രൂപ ബിൽ നം. 2/21-3-16) അപേക്ഷാ ഫയൽ പരിശോധിച്ചതിൽ വ്യത്യസ്ത തുകകളിൽ രണ്ട് വാല്യേഷൻ സർട്ടിഫിക്കറ്റുകൾ ചേർത്തിരിക്കുന്നതായി കണ്ടു. വാല്യേഷൻ നല്കിയിരിക്കുന്ന ഓവർസീയറോട് നേരിട്ട് ചോദിച്ചതിൽ വീട് പരിശോധിച്ചതിന് ശേഷമാണ് വാല്യേഷൻ സർട്ടിഫിക്കറ്റ് നല്കിയിരിക്കുന്നതെന്നും ആദ്യം നല്കിയ വാല്യേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതിനാൽ വീണ്ടും വാല്യേഷൻ സർട്ടിഫിക്കറ്റ് നല്കണമെന്ന ഗുണഭോക്താവിന്റെ അപേക്ഷയെ തുടർന്നാണ് രണ്ടാമത്തെ വാല്യേഷൻ സർട്ടിഫിക്കറ്റ് നല്കിയതെന്നുമാണ് ഓവർസിയർ നേരിട്ട് മറുപടി നല്കിയിട്ടുള്ളത്.

| പേര് | ആദ്യം നല്കിയ വാല്യേഷൻ സർട്ടിഫിക്കറ്റ് | രണ്ടാമത്തെ വാല്യേഷൻ സർട്ടിഫിക്കറ്റ് | നല്കിയ തുക (രൂപ) | അധികം (രൂപ) |
|---|---|---|---|---|
| അജിത,പ്ലാവിള പുത്തൻ വീട് | 2015-16ൽ എന്ന് രേഖപ്പെടുത്തി 20000/- രൂപയ്ക്ക് വാല്യേഷൻ നല്കിയിരിക്കുന്നു | ടി വ്യക്തിക്ക് തന്നെ 2016-17 എന്നെഴുതി 25000/- രൂപയ്ക്ക് വാല്യേഷൻ സർട്ടിഫിക്കറ്റ് | 25000 | 5000 |

| | | | | |
|---|---|---|---|---|
| | | നല്കിയിരിക്കുന്നു | | |
| ക്ലീന,ഞാറയ്ക്കൽ വീട് | 2015-16ൽ എന്ന് രേഖപ്പെടുത്തി 20000/- രൂപയ്ക്ക് വാല്വേഷൻ നല്കിയിരിക്കുന്നു | 2015-16ൽ തന്നെ 25000/- രൂപയുടെ സർട്ടിഫിക്കറ്റും നല്കിയിരിക്കുന്നു. | 25000 | 5000 |
| ബിനു.എസ്, കാർത്തിക, പടിഞ്ഞാറ്റിൻകര | വാല്വേഷൻ സർട്ടിഫിക്കറ്റ് 15000/- രൂപയുടേത്, രണ്ടു ഗഡുക്കളായി (15000+10000/-)25000/- രൂപ നല്കിയിരിക്കുന്നു | | 25000 | 10000 |
| | | | അധികം | 20000 |

ഓവർസീയറുടെ വിശദീകരണം സഹിതം മറുപടി ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം 3/7-1-17)നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയിൽ അധികരിച്ച് നല്കിയ തുക ഉത്തരവാദിയായ അസി.സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

5.അക്വിറ്റൻസ് രജിസ്റ്ററിൽ ഡി.ഡി.നം രേഖപ്പെടുത്താത്തത്.

ചുവടെ ചേർത്തിരിക്കുന്ന വ്യക്തികളുടെഅക്വിറ്റൻസിൽ ഡി.ഡി.നം രേഖപ്പെടുത്തിയിട്ടില്ല.ടി വ്യക്തികളുടെ അപേക്ഷാഫയലിൽ ഡി.ഡി യുടെ പകർപ്പും ഇല്ല.രേഖകൾ ഹാജരാക്കേണ്ടതാണ്.

1.ക്ലീന,ഞാറയ്ക്കൽ വീട്, തുക 25000/- രൂപ

2.അജയൻ,കാഞ്ഞിരംവിള. തുക 25000/- രൂപ

3.രാജമ്മ,ഏഴറ്റൂർ പടിഞ്ഞാറ്റതിൽ, തുക 25000/- രൂപ

4.ദാമോദരൻ,സന്ധ്യാഭവനം, തുക 25000/- രൂപ

## 3-6 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ട് പരിശോധന,**887092/-** രൂപയുടെ സാമ്പത്തിക ക്രമക്കേട്

കൊട്ടാരക്കര നഗരസഭയിൽ നോൺ - ബാങ്കിംഗ് സംവിധാനത്തിൽ ബില്ല് മാറുന്ന ട്രഷറിയാണ് നിലവിലുള്ളത്. ഗവ.ഉത്തരവ് 177/2006/ ധനം, തീയതി 12-04-2006 പ്രകാരം ബില്ലുകൾ വഴി ട്രഷറിയിൽ നിന്നും മാറുന്ന തുകകൾ നിക്ഷേപിച്ച് ഡി.ഡി, ആയി ഗുണഭോക്താക്കൾക്ക് നല്കുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കൊട്ടാരക്കര ശാഖയിൽആരംഭിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ട് നമ്പർ 67110564828

വഴിയാണ് .തനത് ഫണ്ടിൽ നിന്നും ലഭിക്കുന്ന ചെക്കുകളും ടി അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് ബന്ധപ്പെട്ടവർക്ക് ഡിഡി പ്രകാരം തുക നല്കുകയും ചെയ്തു വരുന്നു. ടി അക്കൗണ്ടിന്റെ പരിശോധനയിൽ താഴെ കൊടുത്തിരിക്കും പ്രകാരം അപാകതകൾ കാണുന്നു.

1)മിനിമാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ (പ്രോ.നം 182 16) എന്ന പ്രവൃത്തിക്ക് നല്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസിഷൻ പ്രകാരം 877222 രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 020108 തീ 10-03-2016 പ്ര കാരം നല്കി. ചെക്കിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു

| ക്രനം | പ്രവൃത്തി | തുക |
|---|---|---|
| 1 | ഹൈമാസ്റ്റ് തട്ടത്തുമല ജംഗ്ഷൻ | 290722 |
| 2 | ഹൈമാസ്റ്റ് നീലേശ്വരം | 291013 |
| 3 | ഹൈമാസ്റ്റ് കടലാവിള | 295487 |
| | ആകെ | 877222 |

എന്നാൽ ടി തുക 67110564828 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

2. ചെക്ക് നമ്പർ 020116 തീ 13-03-2016 പ്രകാരം തനത് ഫണ്ടിൽ നിന്നും 9870 രൂപ പെറ്റി വർക്കുകൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കി. ടി തുകയും 67110564828 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

കഴിഞ്ഞവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതു പോലെ അസി. എഞ്ചിനീയരുടെ അക്കൗണ്ടിൽ ചെലവഴിക്കാത്ത വൻതുക അവശേഷിക്കുന്നുണ്ട്. കൂടാതെ ട്രഷറിയിൽ നിന്നും മാറുന്ന ബില്ലുകളിലെ നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതം യഥാസമയം ഒടുക്കുവരുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയും അക്കൗണ്ടിൽ അവശേഷിക്കുന്നു. കൂടാതെ തനതുഫണ്ടിലെ വാറ്റ്,ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതം എന്നിവയും അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്നു. ടി സാഹചര്യത്തിൽ തുക അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ലെങ്കിലും ബന്ധപ്പെട്ടവർക്ക് ചെക്ക് നല്കിയാൽ തുക ലഭിക്കുന്ന സാഹചര്യമാണ്.

ടി വിഷയം സംബന്ധിച്ച് 11-01-2017 ൽ നമ്പർ 12 ആയി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല. ക്രമ നം 1,2 എന്നിവ പ്രകാരം ലഭിച്ചിട്ടുള്ള 887092/- രൂപയുടെ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ടി തുകയുടെ അക്കൗണ്ടിലെ ക്രെഡിറ്റു ചെയ്യൽ, ബന്ധപ്പെട്ടവർക്ക് തുക നല്കൽ എന്നിവ സംബന്ധിച്ചുള്ള വ്യക്തമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടിതുക സാമ്പത്തിക ക്രമക്കേടായി കണക്കാക്കി അസി. എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-7 <u>അസി.എഞ്ചിനീയറുടെ അക്കൌണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.</u>

കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ നോൺ - ബാങ്കിംഗ് സംവിധാനത്തിൽ ബില്ല് മാറുന്ന

ട്രഷറിയാണ് നിലവിലുണ്ടായിരുന്നത്. ഗവ.ഉത്തരവ് 177/2006/ ധനം, തീയതി 12-04-2006 പ്രകാരം ബില്ലുകൾ വഴി ട്രഷറിയിൽ നിന്നും മാറുന്ന തുകകൾ നിക്ഷേപിച്ച് ഡി.ഡി, ആയി ഗുണഭോക്താക്കൾക്ക് നല്കുന്നതിന് ആരംഭിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കൊട്ടാരക്കര ശാഖയിലെ അക്കൗണ്ട് നമ്പർ 67110564828 ൽ ഓഡിറ്റാരംഭിച്ച 06-01-2017 ൽ 10,26,112/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ടി അക്കൗണ്ടിൽ ശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു, 158624/- രൂപയുടെ നഷ്ടം

ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിന് ഗുണഭോക്തൃ സമിതിവഴി നിർവ്വഹണം നടത്തുമ്പോൾ അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

C.C.1:2:4 ( 1 cement: 2 coarse sand: 4 graded stone aggregate 20mm nominal size)

| Code No | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | | | | |
| | MATERIAL | | | | |
| 0295 | Stone Aggregate (Single Size):20mm nominal size | cum | 0.670 | 1175.00 | 787.25 |
| 0297 | Stone Aggregate (Single Size):10mm nominal size | cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone Aggregate below 40mm nominal size | cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand<br>(Zone III) | cum | 0.445 | 1200 | 534.00 |
| 2203 | Carriage of Coarse sand | cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement (0.2225 cum) | tonne | 0.320 | 6300 | 2016.00 |
| 2209 | Carriage of Cement | tonne | 0.320 | 94.65 | 30.29 |
| | LABOUR | | | | |
| 0155 | Mason (average) | day | 0.100 | 417 | 41.70 |
| 0114 | Beldar | day | 1.630 | 329 | 536.27 |
| 0101 | Bhisti | day | 0.700 | 363 | 254.10 |
| 0002 | Hire charges of concrete mixer 0.25 to 0.40 cum with Hopper | day | 0.070 | 800 | 56.00 |
| 0012 | Vibrator (Needle type 40mm) | day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.300 | 1.78 | 25.45 |
| | Total | | | | 4706.23 |
| | Add water charge @ 1% | | | | 47.06 |
| | Total | | | | 4753.29 |

മേൽ സൂചിപ്പിച്ച അടിസ്ഥാന നിരക്കിനെ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന തീയതിയിൽ നിലവിലുള്ള കോസ്റ്റ് ഇൻഡെക്സ് കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയാണ് പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്കായി കണക്കാക്കേണ്ടത്. ഇതനുസരിച്ച്ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിന് അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.1.2015 - ൽ അനുവദനീയമായ നിരക്ക്
= 4753.29X1.4190 = 6744.91/cum.

1.8.2015 - ൽ അനുവദനീയമായ നിരക്ക്
= 4753.29X1.4762= 7016.80/cum.എന്നാൽ, പ്രസ്തുത ഇനത്തിന് നല്കിയിട്ടുള്ളത് ഡി.എസ്.ആർ, 2014 കോഡ് ഏതു പ്രകാരമാണെന്ന് വ്യക്തമല്ല. അനുവദനീയമായതിനേക്കാൾ ഉയർന്നനിരക്കാണ് നല്കിയിട്ടുള്ളത്. ഇതുമൂലം താഴെക്കൊടുത്തിരിക്കും പ്രകാരം തുക അധികം നല്കിയിരിക്കുന്നു.

| ക്ര.നം | പ്രോജക്ട് വിവരം | അളവ് ($m^3$) | അനുവദിച്ച തുക | അനുവദനീയ തുക | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | ആല്യംപാറ നെട്ടുകളം റോഡ് കോൺക്രീറ്റിംഗ് (314/16)<br>അടങ്കൽ തുക-388000<br>TS-762/AEE/LSGD/KTR/15-16/- 16-02-2016<br>Agmt-138/15-16/AE/LSGD/KTR,dt 17-02-2016<br>അളവു പുസ്തകം 126/15-16<br>കൺവീനർ-ശ്രീ.വാസുദേവൻ<br>ബിൽ നം-125/15-16,21-03-2016<br>തുക--381738/-രൂപ | 18.96 | @7242/$m^3$<br>137308 | 7016.80/cum.<br>133039 | 4269 |
| 2 | കോടിയാട്ട് ഭാഗം ബിന്ദു നികേതൻ റോഡ് (211/16)<br>അടങ്കൽ തുക-300000<br>TS-678/AEE/LSGD/KTR/15-16/- 30-09-2015<br>Agmt-65/15-16/AE/LSGD/KTR,dt 17-07-2015<br>അളവു പുസ്തകം 98/15-16<br>കൺവീനർ--ശ്രീ.സന്തോഷ് കൃഷ്ണൻ<br>ബിൽ നം-115/15-16,13-01-2016<br>തുക--199098/-രൂപ | 21.24 | 7242/cum.<br>153820 | 7016.80/cum.<br>149037 | 4783 |
| 3 | കുലക്കട ഇ ടി സിറോഡ് (211/16)<br>അടങ്കൽ തുക-250000<br>TS-470/AEE/LSGD/KTR/15-16/- 19-06-2015<br>Agmt-105/15-16/AE/LSGD/KTR,dt 03-10-2015<br>അളവു പുസ്തകം 98/15-16<br>കൺവീനർ--ശ്രീമതി വയൽവാരം ഷീജ<br>ബിൽ നം-119/15-16,11-03-2016<br>തുക--200000/-രൂപ | 25.62 | 6993/cum.<br>179161 | 6744.91/cum.<br>172805 | 6356 |
| 4 | കണ്ടച്ചിറ നീലേശ്വരം റോഡ് (201/16)<br>അടങ്കൽ തുക-170000<br>TS-472/AEE/LSGD/KTR/15-16/- 19-06-2015<br>അളവു പുസ്തകം 68/15-16 | 17.4 | 6993/cum.<br>121678 | 6744.91/cum<br>117361 | 4317 |

| | | | | | |
|---|---|---|---|---|---|
| | കൺവീനർ--ശ്രീ.രാജൻ ആചാരി<br>ബിൽ നം-85/15-16,20-10-2015<br>തുക--1169369/-രൂപ | | | | |
| 5 | ശാസ്താംമുകൾ മുഉവാന്നൂർ റോഡ് (39/16)<br>അടങ്കൽ തുക-380000<br>TS-379AEE/LSGD/KTR/15-16/- 18-06-2015<br>അളവു പുസ്തകം 6/15-16<br>കൺവീനർ--ശ്രീ.ഷംനാദ്<br>ബിൽ നം-09/15-16,30-07-2015<br>തുക--377141/-രൂപ | 19.51 | 6993/cum.<br>136443 | 6744.91/cum.<br>131593 | 4850 |
| 6 | മുസ്ലിം സ്ട്രീറ്റ് പാലം ഐസ് കമ്പനിറോഡ്(39/16)<br>അടങ്കൽ തുക-485000<br>TS-285/AEE/LSGD/KTR/15-16/- 18-06-2015<br>Agmt-08/15-16/AE/LSGD/KTR,dt 23-06-2015<br>അളവു പുസ്തകം 7/15-16<br>കൺവീനർ--ശ്രീ.ഷംനാദ്<br>ബിൽ നം-16/15-16,24-08-2015<br>തുക--432234/-രൂപ | 25.9 | 6993/cum.<br>181118 | 6744.91/cum.<br>174693 | 6425 |
| 7 | ആയല്ലൂർ ഗ്യാലക്സി റോഡ്റോഡ്(311/16)<br>അടങ്കൽ തുക-400000<br>TS-760/AEE/LSGD/KTR/15-16/- 116-02-2016<br>Agmt-133/15-16/AE/LSGD/KTR,dt 20-02-2016<br>അളവു പുസ്തകം 7/15-16<br>കൺവീനർ--ശ്രീ.ഷംനാദ്<br>ബിൽ നം-16/15-16,24-08-2015<br>തുക--432234/-രൂപ | 19.86 | 7242/cum.<br>143826 | 7016.8/cum.<br>139354 | 4472 |
| 8 | ഉഗ്രൻകുന്ന് കൗമുദി റോഡ്(39/16)<br>അടങ്കൽ തുക-190000<br>TS-348/AEE/LSGD/KTR/15-16/- 18-06-2015<br>Agmt-71/15-16/AE/LSGD/KTR,dt 17-07-2015<br>അളവു പുസ്തകം 7/15-16<br>കൺവീനർ--ശ്രീമതി ഓമനയമ്മ<br>ബിൽ നം-88/15-16,20-10-2015 | 19.35 | 6993/cum.<br>135314 | 6744.91/cum.<br>130514 | 4800 |

| | | | | | |
|---|---|---|---|---|---|
| | തുക--130000/-രൂപ | | | | |
| 9 | ഈയ്യംകുന്ന് ഗുരുകൃപാറോഡ്(171/16)<br>അടങ്കൽ തുക-300000<br>TS-163/AEE/LSGD/KTR/15-16/- 18-06-2015<br>Agmt-62/15-16/AE/LSGD/KTR,dt 17-07-2015<br>അളവു പുസ്തകം 57/15-16<br>കൺവീനർ--ശ്രീമതി പവിജ<br>ബിൽ നം-39/15-16,26-08-2015<br>തുക--297667/-രൂപ | 15.68 | 6993/cum.<br>109650 | 6744.91/cum.<br>105760 | 3890 |
| 10 | മുക്കോട് പ്രണവംറോഡ്(39/16)<br>അടങ്കൽ തുക-300000<br>TS-660/AEE/LSGD/KTR/15-16/- 30-09-2015<br>Agmt-109/15-16/AE/LSGD/KTR,dt 03-10-2015<br>അളവു പുസ്തകം 7/15-16<br>കൺവീനർ--ശ്രീ.ഷംനാദ്<br>ബിൽ നം-16/15-16,24-08-2015<br>തുക--432234/-രൂപ | 15 | 7242/cum.<br>108630 | 7016.8/cum.<br>105252 | 3378 |
| 11 | പാലക്കുഴി ജി എച്ച് എസ് റോഡ്(39/16)<br>അടങ്കൽ തുക-350000<br>TS-678/AEE/LSGD/KTR/15-16/- 30-09-2015<br>Agmt-134/15-16/AE/LSGD/KTR,dt 20-12-2015<br>അളവു പുസ്തകം 118/15-16<br>കൺവീനർ--ശ്രീ.കൃഷ്ണ കുമാർ<br>ബിൽ നം-127/15-16,30-03-2016<br>തുക--432234/-രൂപ | 33.3 | 7242/cum.<br>241158 | 7016.8/cum.<br>233659 | 7499 |
| 12 | കല്ലൂർറോഡ്(181/16)<br>അടങ്കൽ തുക-487000<br>TS-361/AEE/LSGD/KTR/15-16/- 18-06-2015<br>Agmt-32/15-16/AE/LSGD/KTR,dt 07-07-2015<br>അളവു പുസ്തകം 23/15-16<br>കൺവീനർ--ശ്രീ.അനോജ് ജേക്കബ്<br>ബിൽ നം-19/15-16,28-08-2015<br>തുക--487000/-രൂപ | 48.9 | 6993.79/cum.<br>341996 | 6744.91/cum.<br>329826 | 12170 |
| 13 | വലിയവിള ഭാഗംറോഡ്(21/16)<br>അടങ്കൽ തുക-440000 | 46.2 | 6993/cum.<br>323076 | 6744.91/cum.<br>311615 | 11461 |

| | | | | | |
|---|---|---|---|---|---|
| | TS-21/AEE/LSGD/KTR/15-16/- 17-06-2015<br>Agmt-05/15-16/AE/LSGD/KTR,dt 19-06-2015<br>അളവു പുസ്തകം /15-16<br>കൺവീനർ--ശ്രീ.ജോൺസൺ<br>ബിൽ നം-29/15-16,26-08-2015<br>തുക--438206/-രൂപ | | | | |
| 14 | പാറവിള മുസ്ലീം സ്ട്രീറ്റ്റോഡ്(50/16)<br>അടങ്കൽ തുക-280000<br>TS-571/AEE/LSGD/KTR/15-16/- 25-07-2015<br>Agmt-104/15-16/AE/LSGD/KTR,dt 06-08-2015<br>അളവു പുസ്തകം /15-16<br>കൺവീനർ--ശ്രീ.മതി റംലത്ത്<br>ബിൽ നം-67/15-16,29-09-2015<br>തുക--278759/-രൂപ | 22.2 | 6993/cum.<br>155245 | 6744.91/cum.<br>149737 | 5508 |
| 15 | കിഴക്കേക്കര ചർച്ച് റോഡ്(21/16)<br>അടങ്കൽ തുക-300000<br>TS-380/AEE/LSGD/KTR/15-16/- 18-06-2015<br>Agmt-55/15-16/AE/LSGD/KTR,dt 16-07-2015<br>അളവു പുസ്തകം 18/15-16<br>കൺവീനർ--ശ്രീ. ജി ബാബു<br>ബിൽ നം-27/15-16,26-08-2015<br>തുക--295578/-രൂപ | 31.65 | 6993.79/cum.<br>221353 | 6744.91/cum.<br>213476 | 7877 |
| 16 | ആഴാംതോട്ടം റോഡ്(21/16)<br>അടങ്കൽ തുക-490000<br>TS-353/AEE/LSGD/KTR/15-16/- 18-06-2015<br>Agmt-49/15-16/AE/LSGD/KTR,dt 07-07-2015<br>അളവു പുസ്തകം53/15-16<br>കൺവീനർ--ശ്രീ. രാജു ചാക്കോ<br>ബിൽ നം-21/15-16,26-08-2015<br>തുക--488052/-രൂപ | 53.35 | 6993/cum.<br>373042 | 6744.91/cum.<br>359807 | 13235 |
| 17 | കല്ലൂർ ജംഗ് ഷൻ ആനയഴികം ജംഗ്ഷൻറോഡ്(180/16)<br>അടങ്കൽ തുക-344000<br>TS-365/AEE/LSGD/KTR/15-16/- 16-06-2015 | 19.8 | 6993/cum.<br>138461 | 6744.91/cum.<br>133549 | 4912 |

| | | | | | |
|---|---|---|---|---|---|
| | Agmt-31/15-16/AE/LSGD/KTR,dt 07-07-2015<br>അളവു പുസ്തകം 53/15-16<br>കൺവീനർ--ശ്രീ.അഭിലാഷ് ജേക്കബ്<br>ബിൽ നം-31/15-16,26-08-2015<br>തുക--344000/-രൂപ | | | | |
| 18 | ഐസക് നഗർ എംസി റോഡ് കോൺക്രീറ്റിംഗ്(46/16)<br>അടങ്കൽ തുക-285000<br>TS-383/AEE/LSGD/KTR/15-16/- 18-06-2015<br>Agmt-28/15-16/AE/LSGD/KTR,dt 04-07-2015<br>അളവു പുസ്തകം 15/15-16<br>കൺവീനർ--ശ്രീ. ടി ജി ജോൺ<br>ബിൽ നം-31/15-16,26-08-2015<br>തുക--281679/-രൂപ | 30.45 | 6993.79/cum.<br>212961 | 6744.91/cum.<br>205382 | 7579 |
| 19 | പുമൺ ജംഗ്ഷൻ സബ് ജയിൽറോഡ്(213/16)<br>അടങ്കൽ തുക-200000<br>TS-286/AEE/LSGD/KTR/15-16/- 18-06-2015<br>Agmt-66/15-16/AE/LSGD/KTR,dt 17-07-2015<br>അളവു പുസ്തകം 66/15-16<br>കൺവീനർ--ശ്രീ.മണിക്കുട്ടൻ<br>ബിൽ നം-31/15-16,26-08-2015<br>തുക--197506/-രൂപ | 20.7 | 6993/cum.<br>144755 | 6744.91/cum.<br>139620 | 5135 |
| 20 | ആനക്കുഴി റോഡ്(189/16)<br>അടങ്കൽ തുക-25000<br>TS-20/AEE/LSGD/KTR/15-16/- 17-06-2015<br>Agmt-07/15-16/AE/LSGD/KTR,dt 20-06-2015<br>അളവു പുസ്തകം 53/15-16<br>കൺവീനർ--ശ്രീ.റോബിൻ കെ സി<br>ബിൽ നം-31/15-16,26-08-2015<br>തുക--248955/-രൂപ | 21.52 | 6993/cum.<br>150489 | 6744.91/cum.<br>145150 | 5339 |
| 21 | പുളിമൂട് മുസ്ലീം സ്ട്രീറ്റ്റോഡ്(36/16)<br>അടങ്കൽ തുക-200000<br>TS-572/AEE/LSGD/KTR/15-16/- 25-07-2015<br>Agmt-103/15-16/AE/LSGD/KTR,dt 06-08-2015 | 16.02 | 6993/cum.<br>112028 | 6744.91/cum.<br>108053 | 3975 |

| | | | | | |
|---|---|---|---|---|---|
| | അളവ് പുസ്തകം 74/15-16<br>കൺവീനർ--ശ്രീ.അഭിലാഷ് ജേക്കബ്<br>ബിൽ നം-31/15-16,26-08-2015<br>തുക--198898/-രൂപ | | | | |
| 22 | അമ്പലപ്പുറം കൈതക്കുഴി റോഡ്(195/16)<br>അടങ്കൽ തുക-200000<br>TS-362/AEE/LSGD/KTR/15-16/- 18-06-2015<br>Agmt-100/15-16/AE/LSGD/KTR,dt 06-08-2015<br>അളവ് പുസ്തകം 69/15-16<br>കൺവീനർ--അജിതാ കുമാരി<br>ബിൽ നം-31/15-16,26-08-2015<br>തുക--198812/-രൂപ | 21.075 | 6993/cum.<br>147377 | 6744.91/cum.<br>142149 | 5228 |
| 23 | നെടുംകുളം കോളനി ഏലാ റോഡ്(198/16)<br>അടങ്കൽ തുക-430000<br>TS-536/AEE/LSGD/KTR/15-16/- 17-07-2015<br>Agmt-98/15-16/AE/LSGD/KTR,dt 06-08-2015<br>അളവ് പുസ്തകം 98/15-16<br>കൺവീനർ-- സ്രീ. ആർ തങ്കപ്പൻ<br>ബിൽ നം-31/15-16,26-08-2015<br>തുക--428397/-രൂപ | 22.56 | 6993/cum.<br>157762 | 6744.91/cum.<br>152165 | 5597 |
| 24 | കാടാകുളം നീലേശ്വരം റോഡ്(200/16)<br>അടങ്കൽ തുക-360000<br>TS-476/AEE/LSGD/KTR/15-16/- 19-06-2015<br>Agmt-34/15-16/AE/LSGD/KTR,dt 07-07-2015<br>അളവ് പുസ്തകം 72/15-16<br>കൺവീനർ--രാധാകൃഷ്ണൻ നായർ<br>ബിൽ നം-/15-16,26-08-2015<br>തുക--247342/-രൂപ | 35.37 | 6993/cum.<br>247342 | 6744.91/cum.<br>238567 | 8775 |
| 25 | എം സി റോഡ് ലക്ഷ്മിവിഹാർ റോഡ്(168/16)<br>അടങ്കൽ തുക-250000<br>TS-40/AEE/LSGD/KTR/15-16/- 17-06-2015<br>Agmt-67/15-16/AE/LSGD/KTR,dt 17-07-2015<br>അളവ് പുസ്തകം 25/15-16<br>കൺവീനർ--ശ്രീആർ. അജയകുമാർ | 27.3 | 6993.79/cum.<br>190930 | 6744.91/cum.<br>184136 | 6794 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം-40/15-16,2-08-2015<br>തുക--245986/-രൂപ | | | | |
| | ആകെ | | | | 158624 |

പരിശോധിച്ച കോൺക്രീറ്റ് പ്രവൃത്തികളിലാണ് അധികനിരക്ക് നല്കിയതു മൂലം 158624/-രൂപ അധികം നല്കിയത് കണ്ടെത്തിയിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ളതും മുകളിൽ പരാമർശിക്കാത്തതുമായ എല്ലാ കോൺക്രീറ്റ് പ്രവൃത്തികളും പരിശോധിച്ച് അധിക നിരക്ക് നല്കിയിട്ടുള്ളത് കണ്ടെത്തി തുക ഈടാക്കേണ്ടതാണ്. മുകളിൽ കൊടുത്തിട്ടുള്ള 25 പ്രവൃത്തികളിലായി അധികം നല്കിയിട്ടുള്ള 158624/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള അസി. എഞ്ചിനീയർ, സാങ്കേതികാനുമതി നല്കിയിട്ടുള്ള അസി. എക്സി. എഞ്ചിനീയർ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-9 സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്തു

കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 8.5.2015 ൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ പ്രതിഭകളെ ആദരിക്കൽ എന്ന ചടങ്ങിനായി ഫ്ലക്സ് ബോർഡ്, മൈക്ക് സെറ്റ്, മറ്റ് അടിയന്തിര ചെലവുകൾ എന്നീ ഇനത്തിൽ 14730/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ. 59,65,66/5-16/8.5.16, ചെക്ക് നമ്പർ. 110047/8.5.16) എന്നാൽ ജി.ഒ (ആർ.ടി) 3866/2015 തസ്വഭവ, l തീ. 28.12.15 ഉത്തരവു പ്രകാരം മന്ത്രിമാർ പങ്കെടുക്കാത്ത പരിപാടികൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 10,000/-രൂപ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിക്കുന്ന വിശദീകരണം എൻക്വയറി (13/11.1.17) മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 4730/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തനതുഫണ്ട് ചെലവഴിച്ചതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടമായ 4730/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 ഉപയോഗിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നു

2015-16 വർഷത്തിൽ കൊട്ടാരക്കര മുൻസിപ്പാലിറ്റിയുടെ കൈവശമുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്ക് പരിശോധിച്ചപ്പോൾ നിലവിൽ ഇല്ലാത്ത ഓർഡിനറി ബൾബുകൾക്കും വൈദ്യുതി ചാർജ്ജ് ഒടുക്കിയതായി കാണുന്നു. 2015-16 വർഷത്തിൽ ആകെ 2916214/- രൂപയാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി ഒടുക്കിയിട്ടുള്ളത്. കെ.എസ്.ഇ.ബിയുടെ കൈവശമുള്ള കണക്ക് പ്രകാരമാണ് ഇപ്പോഴും വൈദ്യുതി ചാർജ്ജ് ഒടുക്ക് വരുത്തുന്നത്.കൊട്ടാരക്കര ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന്റെ കൈവശമുള്ള തെരുവ് വിളക്കിന്റെ കണക്കിൽ ഉൾപ്പെട്ടിട്ടുള്ള ഓർഡിനറി ബൾബുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | കത്തുന്ന സമയം(മണിക്കൂറിൽ) |
|---|---|---|
| ഓർഡിനറി ബൾബ് (40w) | 1417 | 6 |
| ഓർഡിനറി ബൾബ് (40w) | 220 | 12 |
| ഓർഡിനറി ബൾബ് (60w) | 74 | 6 |
| ഓർഡിനറി ബൾബ് (60w) | 39 | 12 |

| | | |
|---|---|---|
| ഓർഡിനറി ബൾബ് (100w) | 1 | 12 |
| ഓർഡിനറി ബൾബ് (100w) | 229 | 6 |

മേൽപ്പറഞ്ഞതിൽ ഓർഡിനറി ബൾബുകൾക്കായി പ്രതിമാസം 72434/- രൂപയാണ് (5.1.16-ലെ കണക്ക് പ്രകാരം) വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കി വരുന്നത്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 13/12-01-17) ന് നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ തെരുവ് വിളക്കുകളായി ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നില്ല എന്നും നിലവിലുണ്ടായിരുന്ന ഓർഡിനറി ബൾബുകളെല്ലാം 2015-16 വർഷം മുതൽ തന്നെ മാറ്റി തൽസ്ഥാനത്ത് സി.എഫ്.എൽ സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമായിട്ടുണ്ട്.

ആയതിനാൽ തെരുവ് വിളക്കുകളുടെ യഥാർത്ഥ കണക്ക് ലഭ്യമാക്കുന്നതിലേക്ക് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി യഥാർത്ഥ കണക്കുകൾ തിട്ടപ്പെടുത്തേണ്ടത് ആയതിൻ പ്രകാരം വൈദ്യുതി ചാർജ്ജ് ഒടുക്ക് വരുത്തേണ്ടതാണ്. ഇതിലേക്കായി പഞ്ചായത്ത് ഭരണസമതിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നടപടികൾ സ്വീകരിക്കേണ്ടതാണ്.പ്രസ്തുത സാഹചര്യത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജിനത്തിൽ ഒടുക്ക വരുത്തിയ 869208/- (72434X12) രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ നാളിതുവരെ നിലവിലില്ലാത്ത ഓർഡിനറി ബൾബുകളുടെ പേരിൽ കെ.എസ്സ്.ഇ.ബി.യിൽ ഒടുക്കിയ തുകകൾ കണക്കാക്കി തുടർ ബില്ലുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ ബില്ലുകളിൽ നിന്നും പ്രസ്തുതയിനം ഒഴിവാക്കേണ്ടതുമാണ്.

## 3-11 <u>കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നഗരസഭ ഒടുക്കുന്നു</u>

കൊട്ടാരക്കര നഗരസഭയിലെ കുടിവെള്ള പദ്ധതികളായ കാടാംകുളം, കണിയാംകോണം എന്നിവയുടെ വൈദ്യുതി ചാർജ്ജ് 2015-16 സാമ്പത്തിക വർഷത്തിലും നഗരസഭയുടെ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(സാധാ) നം.1275/2009/തസ്വഭവ 30.5.2009 പ്രകാരം പണി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃസമിതിയുടെ ചുമതലയാണ്. പഞ്ചായത്ത് ഒടുക്കിയ വൈദ്യുതി ചാർജ്ജിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| കുടിവെള്ള പദ്ധതിയുടെ പേര് | കൺസ്യൂമർ നം. | മാസം | തുക (രൂപ) | ചെക്ക് നം./തീയതി |
|---|---|---|---|---|
| കാടാംകുളം കുടിവെള്ള പദ്ധതി | 19183 | ഏപ്രിൽ 2015 | 430 | 7027572/6.4.15 |
| " | " | മെയ്2015 | 212 | |

| | | | | |
|---|---|---|---|---|
| " | " | ജൂൺ2015 | 226 | 1057511/6.7.15 |
| " | " | ജൂലൈ 2015 | 254 | 1071166/5.8.15 |
| " | " | ആഗസ്റ്റ് മുതൽ ഒക്ടോബർ 2015 വരെ | 572 | 1102794/5.11.15 |
| കണിയാംകോണം കുടിവെള്ള പദ്ധതി | 28904 | ഏപ്രിൽ 2015 | 987 | 1034850/11.5.15 |
| " | " | ജൂലൈ 2015 | 1152 | 1058299/9.7.15 |
| " | " | ആഗസ്റ്റ് 2015 വരെ | 777 | 1078630/9.9.15 |
| ആകെ | | | 4610 | |

പ്രസ്തുത കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ഒടുക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (നം. 13/11.01.17) നൽകിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4610/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറേണ്ടതും 4610/- രൂപ തിരികെ ഈടാക്കേണ്ടതുമാണ്.

## 3-12 തൊഴിൽ രഹിത വേതനം തുക അധികം നല്കിയത്

തൊഴിൽ രഹിതവേതന വിതരണ രജിസ്റ്റർ ,അക്വിറ്റൻസ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യകിതികൾക്ക് തുക അർഹമായതിലും (ക്രമ നം 1,2 എന്നീ വ്യക്തികൾക്ക് നല്കിയ കാലയളവുകളിലെ തുകകൾ ആവർത്തിച്ച നല്കിയിരിക്കുന്നു) അധികം നല്കിയിരിക്കുന്നതായി കണ്ടു .വിശദ വിവരം ചുവടെ ചേർക്കുന്നു.

| പേര് | നല്കേണ്ട കാലയളവ് /തുക | നല്കിയ കാലയളവ് / തുക | അധികം | ആകെ നല്കിയ തുക പരിധിയിൽ അധികരിക്കാൻ കാരണം |
|---|---|---|---|---|
| രതി.എസ്,<br>ചരുവിള വീട്<br>റോൾ നം 944 | 4/07 മുതൽ 7/14 വരെ-10560/-( as on 6-9-16) | 4/07 മുതൽ 7/14 വരെ-12000/-( as on 6-9-16) | 1440/- | 4/07 മുതൽ 6/07 വരെ തുക നല്കിയതിന് ശേഷം വീണ്ടും5/06 മുതൽ തുക ആവർത്തിച്ച നല്കിയിരിക്കുന്നു |
| ഷേർളി ജോൺ,ചരുവിള പുത്തൻ വീട് | 1/09 മുതൽ 3/15 വരെ-9000/-( as | 1/09 മുതൽ 3/15 വരെ-10440/-( as | 1440/- | 8/09 മുതൽ 4/10 വരെ തുക നല്കിയതിന് ശേഷം |

| | | | | |
|---|---|---|---|---|
| (റോൾ നം 1007) | on 6-9-16) | on 6-9-16) | | വീണ്ടും5/09 മുതൽ തുക ആവർത്തിച്ച നല്കിയിരിക്കുന്നു |
| ഡെയ്സി.റ്റി, (റോൾ നം 985 )വലിയവിള പടിഞ്ഞാറ്റിൻകര വീട്,തൃക്കണ്ണമംഗൽ, ജനന തീയതി 6-4-1979 | 4/14 വരെ | 7/14 | 360/- | 35 വയസ്സ് കഴിഞ്ഞിട്ടും തുക നല്കിയിരിക്കുന്നു |
| ബ്ലസ്സൺ ജോർജ്,കല്ലൂർ ബ്ലാസ്സ് ഭവൻ (റോൾ നം1202), ജനനതീയതി 14-4-1980 | 4/15 വരെ | 6/16 | 1680/-(ബിൽ നം 14/20.8.15 ,& book no2 bill no 2/29-2-16) | 35 വയസ്സ് കഴിഞ്ഞിട്ടും തുക നല്കിയിരിക്കുന്നു |
| | | ആകെ | 4920 | |

തുക അധികമായി നല്കിയതിന്റെ കാരണം അന്വേഷിച്ച കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം15/12.1.17) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നല്കിയ തുക മേൽ സൂചിപ്പിച്ചവരിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

## 3-13 രേഖകൾ ലഭ്യമാക്കിയില്ല തടസ്സപ്പെടുത്തുന്ന തുക 207055/- രൂപ

താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| വൌച്ചർ നം | ചെലവിനം | ചെലവ്തുക (രൂപ) | ലഭ്യമാക്കാനുള്ള രേഖകൾ |
|---|---|---|---|
| 70/3-16 | പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ്ജ് ( to kseb) | 5611 | കെ.എസ് .ഇ.ബിയിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 72/3-16 | വെറ്ററനറി ഹോസ്പിറ്റലിന്റെ വാടകയിനത്തിൽ ചെലവഴിച്ച തുക | 21444 | കെട്ടിട ഉടമ തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമാക്കിയിട്ടില്ല. |
| 99/3-16 | മഴക്കാല പൂർവ്വ ശുചീകരണം( 18 വാർഡുകളിലേക്ക് @ 10000) മെഡിക്കൽ ഓഫീസർ ,സി.എച്ച്.സിക്ക് നല്കിയ തുക(ശുചിത്വ മിഷൻ ഫണ്ട്) | 180000 | തുകയുടെ ചെലവ് രേഖകളോ, വിനിയോഗം സംബന്ധിച്ച് സെക്രട്ടറി ശുചിത്വമിഷന് നല്കേണ്ട രേഖകളോ ഹാജരാക്കിയിട്ടില്ല. |
| | ആകെ | 207055 | |

ചെലവ് രേഖകളുടെ അഭാവത്തിൽ 207055/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി

തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 2583664/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള താഴെക്കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ടുകളുടെ പേര് | തുകസ്വീകരിച്ച സ്ഥാപനം | തുക (രൂപ) | ബിൽനം./ചെക്ക്നം |
|---|---|---|---|---|
| 1 | എസ്സ് എസ്സ് എ വിഹിതം നല്കൽ (2/16) | ജില്ലാ കോർഡിനേറ്റർ , എസ് എസ് എ കൊല്ലം | 993664 | 23/15-16,30-10-2015 |
| 2 | ഐ എ വൈ വിഹിതം (3/16) | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, കൊട്ടാരക്കര | 340000 | 24/15-16 /30-10-2015 |
| 3 | ഐ.എ.വൈ വിഹിതം (320/16) | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, കൊട്ടാരക്കര | 1250000 | 24/15-16, 30-10-2015 |
| | | ആകെ | 2583664 | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 2583664/- രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-15 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

2015-16 വർഷത്തെ ലേലത്തിൽ പങ്കെടുക്കുന്നതിനായി വ്യക്തികളിൽ നിന്നും നിരതദ്രവ്യം ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച തുകകൾ താഴെ വിവരിക്കും പ്രകാരം തിരികെ നൽകിയതായി വൗച്ചർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. എന്നാൽ ടി നിരതദ്രവ്യം വാങ്ങിയതായും തിരികെ നൽകിയതായും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽനിന്നും ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമാക്കുകയോ കാലികമാക്കുകയോ ചെയ്യുന്നില്ലെന്ന് വ്യക്തമാണ്. വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

| വൌച്ചർ നം. / തീയതി | നിരതദ്രവ്യം നൽകിയ വ്യക്തി | തുക | ചെക്ക് നം./ തീയതി |
|---|---|---|---|
| 109/03.2016 | സക്കീർ ഹുസൈൻ | 300000 | 20682/29-3-16 |
| 110/03.2016 | " | 200000 | 20683/29-3-16 |
| 111/.03.2016 | " | 30000 | 20684/29-3-16 |
| 112/.03.2016 | " | 125000 | 20685/29-3-16 |
| 113/.03.2016 | ഗണേഷ് | 150000 | 20686/29-3-16 |

| | | | |
|---|---|---|---|
| 114/.03.2016 | ബിനീഷ് | 50000 | 20687/29-3-16 |
| 115/.03.2016 | ഷാഹുൽ ഹമീദ് | 500+500 | 20688/29-3-16 |
| 116/.03.2016 | ചന്ദ്രബോസ് | 150000/- | 20689/29-3-16 |

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-16 ലൈബ്രറി സെസ് അടവാക്കിയിട്ടില്ല

നഗരസഭയുടെ 2015-16 വാർഷിക അക്കൌണ്ട്സ് പ്രകാരം 1889376/-രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ വരവുണ്ട് (മുൻ വർഷങ്ങളിലേതുൾപ്പെടെ). ഈ ഇനത്തിൽ ലഭിച്ച തുക ലൈബ്രറി കൌൺസിലിന് അടച്ചിട്ടില്ല. സർക്കുലർ നം. 10088/എൽ3/2005 തസ്വഭവ 20.09.2005 പ്രകാരം രണ്ടു ഗഡുക്കളായി ലൈബ്രറി കൌൺസിലിന് അടയ്ക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ആയതിനാൽ ലൈബ്രറി കൌൺസിലിന് അടവാക്കേണ്ട തുക ഒടുക്കുവരുത്തി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-17 തനതു ഫണ്ടിന്റെ ലഭ്യത കണക്കാക്കാതെ പ്രോജക്ടുകൾക്ക് അംഗീകാരം നല്കി

കൊട്ടാരക്കര നഗരസഭയിൽ പ്രവൃത്തിപൂർത്തീകരിച്ച് അന്തിമ ബിൽ തയ്യാറാക്കിയ 59 മരാമത്ത് പ്രവൃത്തികൾക്കായി തനതുഫണ്ട് വിഹിതം ഇനത്തിൽ 75,38,032/- രൂപ നല്കുവാൻ അവശേഷിക്കുന്നു. തനതുഫണ്ടിന്റെ ലഭ്യത കണക്കിലെടുക്കാതെ മരാമത്ത് പ്രവൃത്തികളിൽ തനതുഫണ്ട് വിഹിതം ഉൾപ്പെടുത്തി ഭരണ - സാങ്കേതിക അനുമതികൾ വാങ്ങിയ പ്രവൃത്തികൾക്കാണ് തുക നല്കുവാൻ അവശേഷിക്കുന്നത്. പഞ്ചായത്തിൽ നടത്തിയിട്ടുള്ള ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും കുറഞ്ഞദൂരം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പ്രവൃത്തികളാണ്.

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതു പോലെ ആവശ്യകത പരിഗണിക്കാതെ എല്ലാവാർഡുകൾക്കും റോഡുകൾക്കായി തുല്യമായി തുക ചെലവഴിക്കുന്ന രീതിയാണ് തൻവർഷവും സ്വീകരിച്ചിരിക്കുന്നത്.

പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി ഭരണസമിതിയെ ബോദ്ധ്യപ്പെടുത്തുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിരിക്കുന്നു. ഭരണാനുമതി നല്കി അംഗീകാരം വാങ്ങിയ പദ്ധതികൾ പൂർത്തീകരിച്ചതിനു ശേഷം തുക നല്കുവാൻ തുടർച്ചയായ വർഷങ്ങളിൽ കഴിയാതിരിക്കുന്നത് പ്രാദേശിക ആസൂത്രണ പ്രക്രിയയുടെ അന്തസത്തയ്ക്കു ചേർന്ന നടപടിയല്ല. ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്.

## 3-18 ഗുണഭോക്തൃ സമിതികൾ വഴി നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു വരുന്നില്ല.

2015-16 സാമ്പത്തിക വർഷത്തിലെ എല്ലാ മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃ സമിതികൾ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. എന്നാൽ ഇത്തരം പ്രവൃത്തികളിൽ സംസ്ഥാന

ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗരേഖയിലേയും, തുടർന്നുണ്ടായിട്ടുള്ള സർക്കാർ ഉത്തരവുകളിലേയും നിർദ്ദേശങ്ങൾ പാലിച്ചു വരുന്നില്ല. ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ കാണപ്പെട്ടിട്ടുള്ള പ്രധാന അപാകതകൾ താഴെക്കൊടുത്തിരിക്കുന്നു.

1) നിരവധി പ്രവൃത്തികൾക്ക് ഒരേ ഗുണഭോക്തൃ സമിതി കൺവീനർ

നിരവധി പ്രവൃത്തികൾ ഒരേ ഗുണഭോക്തൃ സമിതി കൺവീനറുടെ പേരിൽ നിർവ്വഹണം നടത്തിയിരിക്കുന്നു. രേഖകൾ പരിശോധിച്ചതിൽ മുൻ വർഷങ്ങളിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ കൺവീനർമാർ തന്നെയാണ് തുടർ വർഷങ്ങളിലെ പ്രവൃത്തികളുടെ കൺവീനർമാർ.

2) ഗുണഭോക്തൃ സമിതികളുടെ ചെലവുകണക്കുകൾ ഹാജരാക്കാതെ അന്തിമ ബിൽ പ്രകാരം തുക നല്കിയിരിക്കുന്നു.

3) ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

4) വരവ് - ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി വൌച്ചറുകൾ നമ്പരിട്ട് സൂക്ഷിച്ചിട്ടില്ല.

5) ഗുണഭോക്തൃ സമിതികൾ ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവൃത്തി വിലയിരുത്തിയിട്ടില്ല.

6) പ്രവൃത്തി പൂർത്തിയാക്കി വരവ്-ചെലവ് കണക്കുകൾ അച്ചടിപ്പിച്ച് അംഗങ്ങൾക്ക് നല്കിയിട്ടില്ല.

7) പ്രവൃത്തി പൂർത്തിയാക്കി സമിതിയുടെ മുഴുവൻ രേഖകളും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് കൈമാറിയിട്ടില്ല.

പ്രവൃത്തിയുടെ നിർവ്വഹണത്തിലെ കാര്യക്ഷമതയും, സുതാര്യതയും ഉറപ്പു വരുത്തുന്നതിനാണ് ഇപ്രകാരം നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളത്. ഗുണഭോക്തൃ സമിതികളുടെ ചെലവുകൾ സംബന്ധിച്ച രേഖകൾ പോലും ഹാജരാക്കാതെ ബിൽ പാസ്സാക്കുന്നതിൽ നിന്നും ഗുണഭോക്തൃ സമിതികൾ വഴി നിർവ്വഹണം നടത്തുന്നതിന് ഒരുക്കിയിട്ടുള്ള അനുകൂല സാഹചര്യങ്ങൾ ദുരുപയോഗപ്പെടുത്തി ബിനാമി കരാർ നടന്നു വരുന്നതായി വിലയിരുത്തുന്നു. ഗുണഭോക്തൃ സമിതികൾ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ബിനാമി കരാർ നടന്നിട്ടുണ്ടോ എന്നതു സംബന്ധിച്ച് തുടരന്വേഷണം നടത്തേണ്ടതാണ്.

## 3-19 ആശ്രയ പദ്ധതി ഉദ്ദേശ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല.

നിരാലംബരും ആലംബഹീനരുമായ അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായി ആശ്രയ പദ്ധതി നടപ്പാക്കുന്നത് ഗ്രാമപഞ്ചായത്തുകളുടെ പ്രഥമ പരിഗണന അർഹിക്കുന്ന വിഷയമാണ്. ആശ്രയ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന അർഹരായ 26 ഗുണഭോക്താക്കൾക്ക് ചുവടെ പറയും പ്രകാരമാണ് പ്രയോജനം ലഭിച്ചിട്ടുള്ളത്.

| | ആവശ്യമുള്ളർ | നാളിതുവരെ ലഭിച്ചത് |
|---|---|---|
| ഭൂമി | 16 | 13 |
| വീട് | 20 | 1 |
| ഭവന പുനരുദ്ധാരണം | 2 | - |
| കുടിവെള്ളം | 18 | - |

അർഹരായ ഗുണഭോക്താക്കൾക്ക് സേവനം ലഭിച്ചത് 2012-13 മുതൽക്ക് മാത്രമാണ്. കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിൽ പ്രത്യേക താൽപര്യം കാണിച്ചിട്ടില്ല. ഗുണഭോക്തൃ നിർണ്ണയം കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയ്ക്ക് ആകെ വകയിരുത്തിയ 3934600/- രൂപയിൽ കുടുംബശ്രീ ഫണ്ട് 266939/- രൂപയുടേയും, പഞ്ചായത്ത് വികസന ഫണ്ട് 1375000/- രൂപയുടേയും ചെലവാണ് വന്നിട്ടുള്ളത്.

കെ.എസ്./എൽ/6575/13 തീയതി, 05.04.2016 ലെ ഉത്തരവ് പ്രകാരം രണ്ടാംഘട്ട ആശ്രയ പദ്ധതി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആയതിലേയ്ക്ക് തുക ചെലവഴിക്കപ്പെട്ടിട്ടില്ല. പദ്ധതിയുടെ ഗുണനിലവാരം ഉയർത്തുന്നതിനും സമയബന്ധിതമായി അർഹരായവർക്ക് സേവനം ലഭ്യമാക്കുന്നതിനും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

## 3-20 ഉത്പാദന മേഖലയിൽ രൂപീകരിച്ച പദ്ധതികൾ നടപ്പാക്കിയില്ല.

2015-16-ൽ കൃഷി, മൃഗസംരക്ഷണം എന്നീ വിഭാഗങ്ങൾക്ക് രൂപീകരിച്ച പദ്ധതികളിൽ ഒന്നും തന്നെ നടത്തിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വിഭാഗം | പ്രോജക്ട് | ഫണ്ട് | | ധനകാര്യ കളക്ഷൻ (രൂപ) | മറ്റുള്ളവ (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|---|
| | | | വികസന ഫണ്ട് (രൂപ) | തനത് (രൂപ) | | | |
| കൃഷി ഓഫീസർ | പൊതു വിഭാദം | 04/16 ജലസേചന പമ്പ് സെറ്റ് വിതരണം | | 540000 | ------- | 540000 | 1080000 |
| | --ടി-- | 05/16 പച്ചക്കറി കൃഷി | ------ | 450000 | ----- | 112500 | 562500 |
| വെറ്റിനറി സർജ്ജൻ | --ടി-- | 14/16 കാലിത്തൊഴുത്ത് നിർമ്മാണം | 2027193 | 46824 | 125983 | 3300000 | 5500000 |
| | ---ടി- | 165/16 | ------ | 300000 | ------- | ------ | 300000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി | | | | | |
| ആകെ | | | 2027193 | 1336824 | 125983 | 3952500 | 7442500 |

സർക്കാർ ഉത്തരവ്(എം.എസ്) 362/13/തദ്ദേശ സ്വയം ഭരണ വകുപ്പ് തീയതി, 16.11.213 പദ്ധതി മാർഗ്ഗരേഖയിൽ ഉൽപ്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഭക്ഷ്യ വിളകളുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഉതകുന്ന പദ്ധതികൾ, ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടാതെ പോകുന്നത് ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യത്തിൽ നിന്നുമുള്ള വ്യതിയാനമാണ്.

ആസൂത്രണ പ്രക്രിയയുടെ ഘട്ടം ഘട്ടമായുള്ള നടപടിക്രമങ്ങളിലൂടെയാണ് ഒരു പദ്ധതി അന്തിമമായി രൂപീകരിക്കപ്പെടേണ്ടത് എന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം രൂപീകൃതമാകുന്ന പദ്ധതികൾ സ്വാഭാവികമായും അർഹമായതും അംഗീകാര യോഗ്യമായതും, വിനിയോഗ സാധ്യത ഉറപ്പുവരുത്തുന്നതുമാണ്. എന്നാൽ ആസൂത്രണ പ്രക്രിയയുടെ നടപടിക്രമങ്ങൾ കർശനമായി പാലിക്കാത്തതിനാലും സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും സൂക്ഷ്മമായ വിലയിരുത്തൽ നടത്താത്തതും സമയബന്ധിതമായി വിഭവ സമാഹരണം/ വരുമാന സ്രോതസ്സ് കണ്ടെത്താത്തതിനാലുമാണ് കാർഷിക -മൃഗസംരക്ഷണ മേഖലയിൽ യാതൊരു പദ്ധതികളും വിജയപ്രദമായി നടപ്പാക്കുവാൻ കഴിയാതെ പോയത്. ഇത് അഭിലഷണീയമല്ല.

മേഖലാ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് വകയിരുത്തലുകളുടെ അനുപാതം ക്രമപ്പെടുത്തുന്നതിന് മാത്രം പദ്ധതികൾ രൂപീകരിക്കുകയും യാതൊരു തുകയും വിനിയോഗിപ്പെടാതിരിക്കുകയും ചെയ്യുന്ന പ്രവണത ആസൂത്രണസമിതിയുടെ പ്രത്യേക നിരീക്ഷണം ആവശ്യപ്പെടുന്ന ഒന്നാണ്. ഈ സാഹചര്യങ്ങൾ കൂടി പരിഗണിച്ച് പദ്ധതി ആസൂത്രണം സംബന്ധിച്ച സൂചകങ്ങളിലും പരിഷ്കരിക്കപ്പെടുന്ന മാർഗ്ഗരേഖകളിലും ആവശ്യമായ നിർദ്ദേശങ്ങൾ /ഭേദഗതികൾ ഉൾപ്പെടുത്തേണ്ടത് ഉചിതമായിരിക്കും.

വികസന ഫണ്ട് 2027193/- രൂപ, ധനകാര്യ കമ്മീഷൻ അവാർഡ് 125983/- രൂപ തനത് ഫണ്ട് 1336824/- രൂപ എന്നിവ ഉൾപ്പെടെ ആകെ 3490000/- രൂപ പ്രയോജനപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല ടി രൂപ ഉപയോഗിച്ച് സാക്ഷാത്കരിക്കപ്പെട്ടുമായിരുന്ന പദ്ധതികളുടെ സാധ്യത നഷ്ടപ്പെടുത്തുകയുമാണ് ചെയ്തത്.

## 3-21 നഗരസഭാ രൂപീകരണവും തസ്തിക പുനർ വിന്യാസവും

തദ്ദേശസ്വയംഭരണ (ഇ.പ.എ) വകുപ്പിന്റെ 31.5.2015- ലെ സ.ഉ.(കൈ) നം.333/2015/ തസ്വഭവ ഉത്തരവ് പ്രകാരം 01.11.15 പ്രാബല്യത്തിൽ കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് നഗരസഭയായി രൂപീകരിച്ചും, പഞ്ചായത്ത് ജീവനക്കാരെ നിലനിർത്തിക്കൊണ്ടും ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, അക്കൗണ്ടന്റ്, എന്നിവരേയും , സീനിയർ ക്ളർക്ക്- 5, ക്ളർക്ക്-5, ഓഫീസ് അറ്റൻഡന്റ്-2, എഫ്.റ്റി.എസ്-2, എന്നിവരെയും ദിവസ വേതന വ്യവസ്ഥയിൽ ജോലിചെയ്യുന്ന ജീവനക്കാരെയും നഗരസഭ നിലനിർത്തിയിട്ടുണ്ട്. സ.ഉ.(എം.എസ്) നം.109/2016/ തസ്വഭവ തീയതി. 05.08.16ഉത്തരവ് പ്രകാരം നഗരസഭയ്ക്ക് പുതിയ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 24 റഗുലർ തസ്തികകളും 23 കണ്ടിജന്റ് ജീവനക്കാരും ഉൾപ്പടെ 47 തസ്തികകൾ നിശ്ചയിക്കപ്പെട്ടുണ്ടെങ്കിലും നഗരസഭാ സെക്രട്ടറി, റവന്യ ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ക്ളാർക്കുമാർ തുടങ്ങിയ തസ്തികകളിൽ മാത്രമേ ജീവനക്കാരെ നിയമിച്ചിട്ടിള്ളൂ. നഗരസഭയുടെ സ്വഭാവവും പ്രധാന്യവും കണക്കിലെടുത്ത് നിജപ്പെടുത്തിയ തസ്തികകളുടെ ഒഴിവുകൾ എത്രയും വേഗം നികത്തപ്പെടുത്തേണ്ടതുണ്ട്.

## 3-22 തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31.10.15 വരെയാണ് കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ പ്രവൃത്തികൾ നടപ്പിലാക്കിയത്. 2015-16 ആക്ഷൻ പ്ളാനിലെ 168 പ്രവൃത്തികളിൽ 54 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാനമായും മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, കിണർ റീചാർജ്ജിംഗ്, I.A.Y. ഭവന നിർമ്മാണത്തിന് അവിദഗ്ധ തൊഴിലാളികൾക്ക് വേതന ഘടകം എന്നിവയാണ് നടപ്പാക്കിയത്. ആകെ രജിസ്റ്റർ ചെയ്ത 2249 കുടുംബങ്ങളിൽ തൊഴിൽ ആവശ്യപ്പെട്ട 1171 പേർക്കുമായി 53776 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. 25 കുടുംബങ്ങൾക്ക് ആകെ 100 ദിനങ്ങൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 2014-15 ലെ 65,87,321/- രൂപയും 2015-16- ലെ 89,13,352/- രൂപയും ഉൾപ്പടെ തൻവർഷം 1,55,00,673/- ആണ് ചെലവഴിച്ചിട്ടുള്ളത്.

01.11.15 മുതൽ സ്ഥാപനം നഗരസഭയായി രൂപീകൃതമായതിന് ശേഷം നഗര തൊഴിലുറപ്പ് പദ്ധതി സേവനങ്ങൾ നടപ്പാക്കിയിട്ടില്ല. ജി.ഒ.(എം.എസ്) നം.42/16 തസ്വഭവ തീ. 27.02.16 ൽ പുതുതായി രൂപീകരിച്ച നഗരസഭകളിൽ 01.01.2016 മുതൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നല്കിയിട്ടുള്ളതാണ്. ഇതിലേക്ക് ഒരു അക്രഡിറ്റ് ഓവർസിയറേയും അക്കൗണ്ടന്റ് -കം-ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും കൗൺസിൽ തീരുമാന പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളതാണ്. എന്നാൽ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് ലഭിക്കാത്തതിനാലാണ് പദ്ധതി നിർവഹണം ആരംഭിച്ചിട്ടില്ലാത്തത് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/11.01.17) ക്ക് മറുപടി നൽകിയിട്ടുണ്ട്.അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 ടി.വി. ഫ്രിഡ്ജ് വാങ്ങൽ - നടപടിക്രമങ്ങൾ - സുതാര്യമല്ല.

പ്രോജക്ട് നംപർ – 22/16.

നിർവ്വഹണഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവേദം.

ബിൽ നം.1/15-16/21.10.2015. 97400/- രൂപ

ഗവ.ആയുർവേദ ആശുപത്രിയിലേക്ക് 2ടി.വി. ഒരു ഫ്രിഡ്ജ് എന്നിവ വാങ്ങുന്നതിന്

മെയിന്റനൻസ് ഫണ്ട് (റോഡിതരം) -ൽ നിന്നും 97400/- രൂപ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി നിർവഹണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗവ.ആയുർവേദ ആശുപത്രി 07.09.15-ൽ ഡി.-110/15- നമ്പരിൽ നൽകിയ വിൻഡോ പരസ്യത്തിൽ ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി 20.09.15 എന്ന് രേഖപ്പെടുത്തിയിരുന്നു. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s.ഓമന ഇലക്ട്രോണിക്സ്, കൊട്ടാരക്കര ടെൻഡർ സമർപ്പിച്ചത് 19.09.2015-നാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.9.2015 ലെ VII (6)- ാം നം. തീരുമാനപ്രകാരം ഓമന ഇലക്ട്രോണിക്സിന്റെ ടെൻഡർ അംഗീകരിച്ച് തുടർ നടപടികൾക്ക് നിർവഹണ ഉദ്യാഗസ്ഥനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

സ്ഥാപനത്തിന്റെ 05.10.15-ലെ ഇൻവോയിസ് നം.1087 പ്രകാരം സാംസങ്ങ് LED TV-2, V-Guard Stabilizer-2, L.G. Refrigeratior-1, Stabilizer-1, എന്നിവയ്ക്ക് നികുതി ഉൾപ്പടെ 97400/-രൂപ (ഡി.ഡി. നം.497675/21.10.15 യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കൊട്ടാരക്കര) നൽകിയിട്ടുണ്ട്.ടെണ്ടറുകൾ പരിശോധിക്കുന്നതിന് നിയമാനുസൃതമായ കാലാവധി ഉണ്ടായിരിക്കെ, ഗ്രാമപഞ്ചായത്ത് കമ്മിറ്റി മുൻകൂർ തീരുമാനം എടുത്ത് ടെണ്ടർ അംഗീകരിച്ചത് ന്യായീകരിക്കാവുന്നതല്ല.
2.ടെണ്ടർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/12.1.17) നിർവഹണ ഉദ്യോഗസ്ഥൻ തൃപ്തികരമായ മറുപടിയല്ല നൽകിയിട്ടുള്ളത്. സുതാര്യമായ നടപടിക്രമങ്ങളുടെ അഭാവത്തിൽ ഇതിലേക്ക് ചെലവഴിച്ച 97400/-രൂപ തടസ്സപ്പെടുത്തുന്നു.

## **3-24** സാന്ത്വന പരിചരണം-പദ്ധതി രേഖകൾ ഹാജരാക്കിയില്ല- **496500/-**തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നംപർ- 34/ 16
നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.

ചെലവ് പത്രിക അനുസരിച്ച് മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, സാന്ത്വന പരിചരണം പദ്ധതി നടപ്പാക്കിയതിന് വികസന ഫണ്ടിൽ നിന്നും 496500/- രൂപ ചെലവഴിച്ചിട്ടുണ്ട്.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ടി തുക അനുവദിച്ചത് ബോധ്യപ്പെട്ടിട്ടുണ്ട്.എന്നാൽ പദ്ധതി നിർവഹണം സംബന്ധിച്ച് യാതൊരു വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/13.01.17) മറുപടി നൽകിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ഇതിലേക്ക് വിനിയോഗിച്ച 496500/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## **4-1** സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | | (രൂപ) | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ലഭ്യമല്ല | 50000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, ബത്ത | 50000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. ചെക്ക് നം. | മുൻകൂർ നല്കിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| KSEB | ഇലക്ട്രിക്ക് ലൈൻ നീട്ടൽ202/15-16 | | 57170 | 57170 | 0 |
| KSEB | കുന്നത്ത് വട്ടവിളറോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 63/15-16 | | 73490 | 73490 | 0 |
| KSEB | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് 58/15-16 | | 224581 | 224581 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
ഇല്ല

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്
ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ
ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി
ഈയിനത്തിൽ തൻവർഷം ലഭിച്ച 423642/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2012-13, 2013-14 | 3.10 | 39300 | പി.ഗോപാലകൃഷ്ണപിള്ള, സെക്രട്ടറി | 11501500014 തീയതി 21-01-16<br>11501500015 തീയതി 21-01-16 |
| " | 3-12 | 260147 | " | |
| 2014-15 | 2-3 | 98092 | | |
| " | 2-5 | 26103 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ടു വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13<br>2013-14 | 3-1<br>3-2<br>3-3 | 2014-15 | അദ്ധ്യായം 6.4 | വി ഇ ഒ നടപ്പിലാക്കിയ പദ്ധതികളിലെ ക്രമക്കേട് | സർചാർജ്ജ് നോട്ടീസ് വി ഇ ഒ യ്ക്ക് നല്കിയിട്ടുള്ളതാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 86323430 /- ( മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81133537 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 35700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1301452 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4253827 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-11 | 35700 | | ശ്രീ.പി. ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി |
| 3-1 | | 342300 | ശ്രീ.പി ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | | 386508 | ശ്രീ.പി. ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി |
| 3-3 | | 294760 | ശ്രീ.എൻ വിജയൻ പിള്ള, അസി എഞ്ചിനീയർ |
| 3-4 | | 85000 | ശ്രീ. പി ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി |
| 3-5 | | 20000 | ശ്രീ. കെ രാജ് കുമാർ അസി. സെക്രട്ടറി |
| 3-8 | | 158624 | 79312-ശ്രീ.എൻ വിജയൻ പിള്ള, അസി എഞ്ചിനീയർ<br>79312-ശ്രീമതി.എസ്സ് .സുനിതാ കുമാരി ,അസി. എക്സി. എഞ്ചിനീയർ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് |
| 3-9 | | 4730 | ശ്രീ.പി. ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി |
| 3-11 | | 4610 | ശ്രീ.പി. ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി |
| 3-12 | | 4920 | ശ്രീ.പി. ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 869208 | ശ്രീ.പി. ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി |
| 3-13 | 207055 | ശ്രീ.പി. ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി |
| 3-14 | 2583664 | ശ്രീ.പി. ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി |
| 3-23 | 97400 | ഡോ. അബ്ദുൾ ഫത്താഹ്, മെഡിക്കൽ ഓഫീസർ., ആയുർവേദം |
| 3-24 | 496500 | 148200 /- ഡോ. ബിജി .എസ്, മെഡിക്കൽ ഓഫീസർ , സി.എച്ച്.സി,<br>348300 /-മെഡിക്കൽ ഓഫീസർ , സി.എച്ച്.സി,ഡോ. ജ്യോതിലാൽ , മെഡിക്കൽ ഓഫീസർ , സി.എച്ച്.സി, |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.പി. ഗോപാലകൃഷ്ണ പിള്ള, സെക്രട്ടറി | സെക്രട്ടറി, പെരിങ്ങര ഗ്രാമ പഞ്ചായത്ത് | ഗോകുലം,കൊട്ടാരക്കര പി. ഒ |
| ശ്രീ.എൻ വിജയൻ പിള്ള, അസി. എഞ്ചിനീയർ | അസി.എഞ്ചിനീയർ, കൊട്ടാരക്കര നഗരസഭ | പാണവിളവീട്, മുഖത്തല പി.ഒ, കൊല്ലം |
| ശ്രീമതി.എസ്സ് .സുനിതാ കുമാരി ,അസി. എക്സി. എഞ്ചിനീയർ,കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | അസി. എക്സി. എഞ്ചിനീയർ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | ഹൗസ് നമ്പർ-26<br>പി എസ്സ് നഗർ,വള്ളക്കടവ് പി ഒ തിരുവനന്തപുരം |
| ശ്രീ. കെ രാജ് കുമാർ, അസി.സെക്രട്ടറി | സെക്രട്ടറി, തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത് | തേമ്പ്രവീട്, ടിബി ജംഗ്ഷന് തൊക്കവശംടപടിഞ്ഞാറ്റിൻകര, കൊട്ടാരക്കര |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95 | എൽ. എഫ്.ക്യൂ.പി.3/654/2001 /19.09.2011 |
| 1995-96 | എൽ. എഫ്.ക്യൂ.പി.3/657/2001 /19.09.2011 |
| 1997-98 | എൽ. എഫ്.ക്യൂ.പി.3/581/2000 |
| 1998-99 | എൽ. എഫ്.ക്യൂ.പി.3/1858/2001 |
| 1999-00 | എൽ. എഫ്.ക്യൂ.പി.3/1108/2000 |
| 2000-01 | എൽ. എഫ്.ക്യൂ.പി.3/663/2003 |
| 2001-02 | എൽ. എഫ്.ക്യൂ.പി.3/705/2005 |
| 2002-03 | എൽ. എഫ്.ക്യൂ.പി.3/706/2005 |
| 2003-04 | എൽ. എഫ്.ക്യൂ.പി.പി.3/308/2006 |
| 2004-05 | എൽ. എഫ്.ക്യൂ.പി.3/368/2006 |
| 2006-07 | എൽ. എഫ്.ക്യൂ.പി.7/1188/14(1) dt.11/06/2014 |
| 2007-08 | എൽ. എഫ്.ക്യൂ.പി.3/65/2008 |

| | |
|---|---|
| 2008-09 | എൽ. എഫ്.ക്യൂ.പി.3/1194(16/14/12/06/2014 |
| 2009-10 | എൽ. എഫ്.ക്യൂ.പി.പി.3/2447/2013 |
| 2010-11 &<br>2011-12 | എൽ. എഫ്.ക്യൂ.പി.പി.3/1841/12/15/01/2013 |
| 2012-13 & 2013-14 | എൽ. എഫ്.ക്യൂ.പി.പി.3/1972/14/04/12/2014 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം. പി.3/1803/15/13/11/2015 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

# 4-10

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - എം.എൽ. 31/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 08/02/2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്നിയമത്തിലെ 4 –ാം വകുപ്പ് 1994 ലെ കേരളാ പഞ്ചായത്തീരാജ് നിയമത്തിന്റെ 215 -വകുപ്പ് ,1999-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295 (4)-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും,പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊട്ടാരക്കര നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം